മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ * 361

## മെഡിക്കൽ കോളേജ് പ്രവേശനം

(*361) ശ്രീ. റ്റി.വി. രാജേഷ്:
ശ്രീ. കെ.രാധാകൃഷ്ണൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ -സ്വാശ്രയ മേഖലകളിലെ മെഡിക്കൽ കോളജുകളിൽ ഈ വർഷം എത്ര പേർക്ക് പ്രവേശനം നൽകുവാനാണ് തീരുമാനിച്ചിരുന്നതെന്ന് പറയാമോ;

(ബി) പുതുതായി പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുമോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) സ്വാശ്രയ മേഖലയിൽ മെരിറ്റിൽ പ്രവേശനം നടത്തേണ്ട 550 സീറ്റുകളിലും പ്രവേശനത്തിന് മെഡിക്കൽ കൗൺസിലിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സീറ്റുകൾ നഷ്ടപ്പെടാതെ പ്രവേശനം നടത്തുവാൻ നടപടി

സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ ): സർ,

(എ) 2015-ലെ പ്രോസ്പെക്ടസ് പ്രകാരം സർക്കാർ മേഖലയിൽ 1250 സീറ്റുകളും സ്വാശ്രയ മേഖലയിൽ 1700 സീറ്റുകളിലും പ്രവേശനം നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) തിരുവനന്തപുരം ജനറൽ ആശുപത്രി, കോന്നി എന്നീ സർക്കാർ മെഡിക്കൽ കോളജുകൾക്ക് അനുമതി ലഭിക്കുന്നതിനായി വേണ്ട അടിസ്ഥാന സൗകര്യങ്ങളും തസ്തികകളും മറ്റും ഒരുക്കുകയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെഡിക്കൽ കൗൺസിലിന്റെ പരിശോധന പൂർത്തിയായി അനുമതിപ്രതം ലഭിക്കുന്ന മുറയ്ക്ക് ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുന്നതാണ്.

(സി) ഈ വർഷം 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 850 സീറ്റുകളിൽ സർക്കാർ മെരിറ്റിൽ പ്രവേശനം നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തുടർ പരിശോധന നടത്തി അംഗീകാരം നൽകിയിട്ടില്ല. അംഗീകാരം

ലഭിക്കുന്ന മുറയ്ക്ക് മേൽ സ്വാശ്രയ കോളേജുകളിലെ സർക്കാർ മെരിറ്റ് സീറ്റുകളിലും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അലോട്ട്മെന്റ് നടത്തുവാൻ കഴിയുന്നതാണ്.

(ഡി) സർക്കാർ മേഖലയിലെ എല്ലാ മെഡിക്കൽ കോളജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്. സർക്കാർ മേഖലയിൽ എം.ബി.ബി.എസ്. സീറ്റുകൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല.

ശ്രീ. റ്റി.വി. രാജേഷ്: സർ, സർക്കാർ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം നേടുകയും ചെയ്യുമെന്നുള്ളതാണ് ബഹുമാന്യനായ മന്ത്രി ഇവിടെ പറഞ്ഞൊരു കാര്യം. കേരളത്തിൽ 6 പുതിയ മെഡിക്കൽ കോളേജുകൾ പ്രഖ്യാപിച്ച് ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ കേരളത്തിൽ ഇതുവരെയായി പുതിയ 6 മെഡിക്കൽ കോളേജുകളിലെ 4 ഡിപ്പാർട്ടുമെന്റുകളിലേക്ക് 5 പോസ്റ്റുകൾ വീതം മാത്രമാണ് പി.എസ്.സി. നോട്ടിഫൈ ചെയ്തിട്ടുള്ളത്. ഫസ്റ്റ് ഇയർ എം.ബി.ബി.എസ്.-ന് അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ ഡിപ്പാർട്ടുമെന്റുകളിൽ ഒരെണ്ണത്തിന് പ്രൊഫസർ മുതൽ 10 പോസ്റ്റ് വീതം വേണം. അതിൽ എൻട്രി കേഡർ 8 വീതം വേണം. അങ്ങനെ

വന്നാൽ യഥാർത്ഥത്തിൽ 6 മെഡിക്കൽ കോളജുകളിലേക്ക് 180 പോസ്റ്റുകൾ കാൾ ചെയ്യേണ്ടതാണ്. 4 ഡിപ്പാർട്ടുമെന്റുകളിലേക്ക് 5 എണ്ണം വച്ച് 20 പോസ്റ്റ് മാത്രമാണ് വിളിച്ചിരിക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ വർഷം പ്രവേശനം നടത്താൻ എം.സി.ഐ. അനുവദിക്കുന്നില്ല എന്നുള്ള വാർത്ത വന്നുകഴിഞ്ഞിരിക്കുന്നു. നിലവിലുള്ള കോളേജുകളിലെ പ്രൊഫസർമാരെ പുതിയ കോളജുകളിലേക്ക് മാറ്റുകയാണ്. അതുകൊണ്ട് സംഭവിക്കാൻ പോകുന്നത് കേരളത്തിലെ മെഡിക്കൽ കോളേജുകളുടെ നിലവാരം തകരാൻ പോകുകയാണ്. വലിയൊരു ക്രൈസിസ് വരാൻ പോകുകയാണ്. പുതിയ തസ്തിക സൃഷ്ടിക്കുന്നില്ല. ഇവിടെ പ്രഖ്യാപനങ്ങൾ മാത്രമാണ്. യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ മൂലം കേരളത്തിലെ മെഡിക്കൽ വിദ്യാഭ്യാസം നേരിടാൻ പോകുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാന്യനായ മെമ്പർ ഇവിടെ സൂചിപ്പിച്ചത് തികച്ചും അടിസ്ഥാനരഹിതമാണ്. കേരളത്തിൽ നേരത്തേ 5 മെഡിക്കൽ കോളേജുകളുണ്ടായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കൊച്ചി മെഡിക്കൽ കോളേജ് ഏറ്റെടുത്തതുൾപ്പെടെ 4 പുതിയ മെഡിക്കൽ കോളേജുകൾകൂടി

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 1471 പോസ്റ്റുകൾ മെഡിക്കൽ കോളേജുകളിൽ ക്രിയേറ്റ് ചെയ്തിട്ടുണ്ട്. ഒരു ചരിത്രസംഭവമാണ്. അതിലുപരിയായി പുതിയ മെഡിക്കൽ കോളേജിനുവേണ്ടി 280 സ്റ്റാഫ് നഴ്സിനെയും ...... 1471 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തിട്ടുള്ളതിൽ 460 ഡോക്ടർമാരാണ്. പോസ്റ്റുകൾ ആവശ്യത്തിന് ക്രിയേറ്റ് ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നുപറഞ്ഞാൽ.... കേരളത്തിൽ പുതിയതായി തുടങ്ങിയ മെഡിക്കൽ കോളേജുകളുൾപ്പെടെ 9 മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭിച്ചു. സ്വാശ്രയ കോളജുകൾക്കാണ് അംഗീകാരം ലഭിക്കാത്തത്. ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതുകൊണ്ടാണ് ഓരോ വർഷവും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ ഇൻസ്പെക്ഷൻ നടത്തി അംഗീകാരം നൽകുന്നത്. 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കാണ് ഈ വർഷം അംഗീകാരം ലഭ്യമാകാത്തത്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ എല്ലാ സീറ്റിലും, 1250 സീറ്റിലും ഈ വർഷം അഡ്മിഷൻ നടത്തും. അതിനുവേണ്ട എല്ലാ സജ്ജീകരണങ്ങളും ആയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അതിന് അംഗീകാരം നൽകിയിട്ടുണ്ട്. 1471 പോസ്റ്റുകളാണ് ഇതിനുവേണ്ടി ക്രിയേറ്റ് ചെയ്തത്. തിരുവനന്തപുരം മെഡിക്കൽ കോളേജ് പുതിയതായി തുടങ്ങാൻ പോകുന്നതാണ്. അതിന് 108 പോസ്റ്റ് ക്രിയേറ്റ്

ചെയ്തു. കോന്നി മെഡിക്കൽ കോളേജിൽ 108 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. എറണാകുളം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത് 350 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ഇടുക്കിയിൽ 89 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. മഞ്ചേരി മെഡിക്കൽ കോളേജിൽ 311 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. തൃശ്ശൂർ മെഡിക്കൽ കോളജിൽ പുതിയ ബ്ലോക്ക് പണിതതിന്റെ ഭാഗമായി 225 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അദ്ദേഹം ഇതിനെക്കുറിച്ച് അറിവില്ലാത്തതുകൊണ്ട് പറഞ്ഞതായിരിക്കും. ഇതാണ് അതിന്റെ നിജസ്ഥിതി.

ശ്രീ. റ്റി.വി. രാജേഷ്: സർ, ഇവിടെ ബഹുമാന്യനായ മന്ത്രി പോസ്റ്റ് ക്രിയേറ്റ് ചെയ്ത കാര്യം പറഞ്ഞു. പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്ന കാര്യം മന്ത്രിസഭ തീരുമാനിച്ചതുകൊണ്ട് കാര്യമില്ല. അതിന് നടപടിയുണ്ടാകണം. നമുക്കറിയാം കേരളത്തിൽ കൊച്ചി മെഡിക്കൽ കോളേജ് ഈ സർക്കാർ ഏറ്റെടുത്തു. ഇന്നലെ കൊച്ചി മെഡിക്കൽ കോളേജ് ഏറ്റെടുക്കേണ്ടതില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം എന്ന് ബഹുമാന്യനായ ഡൊമിനിക് പ്രസന്റേഷൻ അദ്ദേഹത്തിന്റെ പ്രസംഗത്തിനിടയിൽ പറഞ്ഞു. അത് അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ ഉണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് വലിയ പ്രഖ്യാപനം നടത്തി. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുമോ ഇല്ലയോ എന്നുള്ളത് ഇങ്ങനെ

അനിശ്ചിതത്വമായി നീണ്ടുപോകുകയാണ്. യഥാർത്ഥത്തിൽ ഇക്കാര്യത്തെക്കുറിച്ച് തീർച്ചയോടുകൂടി ഈ സഭയിൽ പ്രഖ്യാപിക്കാൻ കഴിയുമോ; മെഡിക്കൽ കോളേജ് ഏറ്റെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ് ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, പോസ്റ്റ് ക്രിയേറ്റ് ചെയ്യുക എന്നുപറഞ്ഞാൽ പോസ്റ്റുകൾ അവിടെ അലോട്ട്മെന്റ് നടത്തിക്കഴിഞ്ഞു. പോസ്റ്റുകളിൽ ആളുകളെ നിയമിച്ചുകഴിഞ്ഞു. എങ്കിൽ മാത്രമേ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കുകയുള്ളൂ. അതോടൊപ്പം തന്നെ അദ്ദേഹം ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, കൊച്ചി മെഡിക്കൽ കോളേജിനെക്കുറിച്ചാണ്. കൊച്ചി മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്ത് 872 സ്റ്റാഫുണ്ട്, 380 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. അവിടത്തെ കാര്യങ്ങൾ പഠിക്കുന്നതിനുവേണ്ടി ആരോഗ്യവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അവിടെ പെർമെനന്റായി 380 പേരെ നിയമിച്ചുകഴിഞ്ഞു. അടുത്ത് ഘട്ടംഘട്ടമായി റിപ്പോർട്ട് ലഭിക്കുന്നതിനനുസരിച്ച് കൊച്ചി മെഡിക്കൽ കോളേജിൽ അവരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കും. പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് മുഖ്യമന്ത്രി തന്നെ പല പ്രാവശ്യം പ്രഖ്യാപിച്ചതാണ്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആ പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ്

ഏറ്റെടുക്കും. അവിടത്തെ ആസ്തി ബാദ്ധ്യതകൾ തിട്ടപ്പെടുത്തി റിപ്പോർട്ട് നൽകാൻ കണ്ണൂർ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ധനവകുപ്പിന്റെ പരിശോധനയിലാണ്. കണ്ണൂർ ജില്ലയുടെ ഗവൺമെന്റ് മെഡിക്കൽ കോളേജായി പരിയാരം മെഡിക്കൽ കോളേജിനെ ഏറ്റെടുത്ത് അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാത്തതിന്റെ ഫലമായി 6 സ്വാശ്രയ മെഡിക്കൽ കോളജുകളിലും 2 സർക്കാർ മെഡിക്കൽ കോളജുകളിലും ഈ വർഷം പ്രവേശനം നടത്താൻ കഴിയില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി നൽകുയുകയുണ്ടായി. അത് സമയബന്ധിതമായി അംഗീകാരം ലഭിക്കാൻവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ തയ്യാറാകുമോ എന്നാണ് എന്റെ ചോദ്യം. അതോടൊപ്പം തന്നെ തൃശ്ശൂർ, ആലപ്പുഴ ഡെന്റൽ കോളേജുകളിൽ ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചിട്ടില്ല. അവിടെ പഠിക്കുന്ന കുട്ടികളെ സംബന്ധിച്ച് വലിയ അനിശ്ചിതത്വമാണുള്ളത്. അത് പരിഹരിക്കാൻ എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; സ്വാശ്രയ കോളജുകളിൽ റിസർവ്വേഷൻ പാലിക്കപ്പെടുന്നില്ല എന്നുള്ള പരാതികൾ വ്യാപകമായി വരുന്നുണ്ട്. അത് പരിഹരിക്കുന്നതിനുള്ള

നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടില്ല. അതനുസരിച്ച് ആ 6 മെഡിക്കൽ കോളജുകളിലും അംഗീകാരം ലഭ്യമായാൽ മാത്രമേ നമുക്ക്... ഇപ്രാവശ്യം എണ്ണൂറോളം സീറ്റുകളുണ്ട്. അതിൽ 400 മെറിറ്റ് സീറ്റാണ് സംസ്ഥാന ഗവൺമെന്റിന് ലഭ്യമാകുന്നത്. അതിനുവേണ്ടി അവരുടെ അസോസിയേഷൻ സുപ്രീംകോടതിയിൽ കേസ്സ് ഫയൽ ചെയ്യുന്നതിനായി പോകുന്നുവെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഗവൺമെന്റിന് 50 ശതമാനം സീറ്റ് ലഭ്യമാകുമെന്നുള്ളതുകൊണ്ട് അക്കാര്യത്തിൽ ഗവൺമെന്റും അവർക്കനുകൂലമായ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. അതുപോലെ തൃശ്ശൂർ, ആലപ്പുഴ ഡെന്റൽ കോളേജുകളിൽ രണ്ടാം വർഷം കോഴ്സ് ആരംഭിക്കുന്നതിന് എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിക്കഴിഞ്ഞു. തൃശ്ശൂർ ഡെന്റൽ കോളേജിൽ 65-ഓളം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. നിയമനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അവിടത്തെ എല്ലാ സൗകര്യങ്ങളും ഒരുക്കിക്കഴിഞ്ഞു. ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ പരിശോധനയ്ക്ക് എത്തിച്ചേർന്നു. ആലപ്പുഴയിലും എല്ലാ സൗകര്യങ്ങളുമൊരുക്കി. പുതുതായി ഡെന്റൽ

കൗൺസിൽ ഓഫ് ഇന്ത്യയാണ് തീരുമാനമെടുക്കേണ്ടത്. അതിനുവേണ്ടുന്ന നടപടികളുമായി മുന്നോട്ടുപോകും. സ്വാശ്രയ കോളേജുകളിൽ റിസർവ്വേഷൻ പാലിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മെറിറ്റ് സർക്കാർ മേഖലയിലെ സീറ്റുകളിലും സ്വാശ്രയ കോളേജുകളിലെ സീറ്റുകളിലും ശക്തമായും നിർബന്ധമായും സംവരണം നടപ്പിലാക്കുന്നതിനുള്ള നടപടികളെടുക്കും. അതിനകത്ത് യാതൊരു പരാതിയും ലഭ്യമായിട്ടില്ല.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഈ വർഷം 15 സ്വാശ്രയ മെഡിക്കൽ കോളേജുകളിലായി 850 സീറ്റുകളിൽ സർക്കാർ മെറിറ്റിൽ പ്രവേശനം നടത്താൻ ഉദ്ദേശിച്ചിട്ടുള്ളത് എന്നാണ് അങ്ങ് നൽകിയ മറുപടി. ഇക്കാര്യം അങ്ങനെ നമ്മൾ ഉദ്ദേശിച്ചാൽ നടക്കുന്നത് അല്ല. മാനേജ്മെന്റുകളുമായി കരാർ ഉണ്ടാക്കണം. ഇന്റർ ചർച്ച് കൗൺസിലുമായി കരാറുണ്ടാക്കി ഉയർന്ന ഫീസ് ഘടനയിൽ സർക്കാർ ധാരണയായിട്ടുണ്ട്. പക്ഷേ അതംഗീകരിക്കാൻ മറ്റ് കോളേജുകൾ തയ്യാറായിട്ടില്ല. അതുതന്നെ ഉയർന്ന ഫീസാണ്. സ്വാശ്രയ കോളജുകളിൽ സർക്കാർ ഉദ്ദേശിക്കുന്ന നിലയിൽ മെറിറ്റ് സീറ്റിൽ പ്രവേശനം നടത്താൻ കഴിയുന്ന സാഹചര്യമല്ല ഉള്ളത്. പ്രവേശനം തുടങ്ങുന്ന ഘട്ടത്തിൽ വിദ്യാർത്ഥികൾക്ക് ആശങ്ക ഉണ്ടാകാത്ത നിലയിൽ ഈ കോളേജുകളുമായി കരാർ ഗവൺമെന്റ് ഒപ്പിട്ടിട്ടുണ്ടോ; ആ കരാറിന്റെ

വ്യവസ്ഥകൾ എന്തൊക്കെയാണ്; അംഗീകാരമില്ലാത്ത സ്വാശ്രയ കോളേജുകൾക്കുമേൽ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാന ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, 6 സ്വാശ്രയ കോളജുകൾക്ക് അംഗീകാരം ലഭ്യമായിട്ടില്ല. അതുകൊണ്ടാണ് അവർ ചർച്ചയ്ക്ക് വരാത്തത്. ഗവൺമെന്റ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ച നടത്തി ഫീസിന്റെ കാര്യത്തിൽ ഒരു ധാരണയായിട്ടുണ്ട്. മറ്റ് കോളേജുകൾക്കുകൂടി അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആദ്യത്തെ പ്രാവശ്യം ചർച്ചയ്ക്ക് വിളിച്ചതിൽ അഞ്ചോളം കോളജുകൾ ചർച്ചയ്ക്ക് വന്നിരുന്നു. മറ്റ് കോളേജുകൾക്ക് recognition ലഭിച്ചാൽ അവരും ചർച്ചയ്ക്ക് വരുന്നതാണ്. ഫീസിന്റെ കാര്യത്തിൽ തീരുമാനമായിട്ടുണ്ട്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, സർക്കാർ മേഖലയിലെ മെഡിക്കൽ കോളേജുകളിലും എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയതായി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നൽകിയ മറുപടിയിൽ പറയുകയുണ്ടായി. അദ്ദേഹം നിരവധി തസ്തികൾ ക്രിയേറ്റ് ചെയ്തതിനെ സംബന്ധിച്ചുള്ള സ്ഥിതിവിവരക്കണക്കുകളും ഇവിടെ പറയുകയുണ്ടായി. എന്റെ മണ്ഡലത്തിലാണ് കോഴിക്കോട് മെഡിക്കൽ

കോളേജ് സ്ഥിതിചെയ്യുന്നത്. മഞ്ചേരി മെഡിക്കൽ കോളേജ് വന്നപ്പോൾ അവിടെയുള്ള നിരവധി തസ്തികകൾ അങ്ങോട്ട് ഷിഫ്റ്റ് ചെയ്യുകയുണ്ടായി. അവിടത്തെ പ്രവർത്തനം പെട്ടെന്ന് ആരംഭിക്കുന്നതിനുവേണ്ടിയാണ് എന്നുവയ്ക്കാം. പക്ഷേ കോഴിക്കോട് മെഡിക്കൽ കോളേജിൽ ഷോർട്ടേജ് അനുഭവിക്കുകയാണ്. പുതിയതായി സൃഷ്ടിക്കപ്പെട്ട 100 കണക്കിന് തസ്തികകളിൽ ഒന്നുപോലും മലബാർ മേഖലയുടെ ആകെ ആശ്രയമായ കോഴിക്കോട് മെഡിക്കൽ കോളേജിൽ സൃഷ്ടിക്കാൻ സന്നദ്ധമായിട്ടില്ല. ഇപ്പോൾ അവിടെ സീറ്റിന് താൽക്കാലികമായ അംഗീകാരം ലഭിച്ചിട്ടുണ്ട്. പക്ഷേ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന കാര്യത്തിൽ ആവശ്യമായ തസ്തികകളും ലക്ചർ ഹാളും ഓഡിറ്റോറിയവുമൊക്കെയുണ്ടാകണം. ഇതെല്ലാം നിഷ്കർഷിക്കുന്ന കുറച്ച് നിബന്ധനകളാണ്. എത്രയും പെട്ടെന്ന് അത് യാഥാർത്ഥ്യമായില്ലെങ്കിൽ ഉള്ള സീറ്റ് നഷ്ടപ്പെടാൻ ഇടയാകുന്ന സാഹചര്യമുണ്ടാകും. കോഴിക്കോട് മെഡിക്കൽ കോളേജിനോട് സർക്കാർ ഒരുതരം വിവേചനം കാണിക്കുന്നുവെന്നുള്ളത് അനുഭവമാണ്. അത് ഭരണകക്ഷി-പ്രതിപക്ഷ ഭേദമെന്യേ എല്ലാവരുടെയും അഭിപ്രായമാണ്. എല്ലാവർക്കും വേണ്ടി ഞാൻ പറയുന്നുവെന്ന് മാത്രം. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ നിലപാട് എന്താണ്; ഇക്കാര്യത്തിൽ അനുഭാവപൂർണ്ണമായ നിലപാട് സ്വീകരിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ആൾ ഇൻഡ്യാ ബേസിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ കോഴിക്കോട് മെഡിക്കൽ കോളേജിനാണ് കുട്ടികൾ പഠിക്കുന്നതിന് മുന്തിയ പരിഗണന കൊടുക്കുന്നത്. അവിടെ അക്കാദമിക് കാര്യങ്ങളായാലും ചികിത്സാ രംഗത്തായാലും വളരെ അഭിമാനകരമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കോടിക്കണക്കിന് രൂപയുടെ പ്രവൃത്തികളാണ് നടക്കുന്നത്. ഈ അടുത്ത കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞാനുമൊക്കെ പങ്കെടുത്ത പരിപാടിയിൽ ശ്രീ. എ. പ്രദീപ്കുമാറും പങ്കെടുത്തതാണ്. എന്തായാലും അദ്ദേഹം ഇവിടെ സൂചിപ്പിച്ച കാര്യം, പുതിയ മെഡിക്കൽ കോളേജ് തുടങ്ങുമ്പോൾ സീനിയർ റെസിഡന്റ്സിന്റെ അഭാവം പലയിടത്തുമുണ്ട്. സീനിയർ റസിഡന്റ്സിന് 32,000/- രൂപയായിരുന്നു ഫീസ് നിശ്ചയിച്ചിരുന്നത്. അത് 50,000/- രൂപയാക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. ചില മേഖലകളിൽ സീനിയർ റെസിഡന്റ്സിനെ കിട്ടാത്തതിന്റെ ഭാഗമായി 60,000/- രൂപയാക്കുന്നതിനുള്ള തീരുമാനവും എടുത്തിട്ടുണ്ട്. കോഴിക്കോട് ആ പ്രശ്നമില്ല. പക്ഷെ കഴിഞ്ഞയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലപ്പുഴ മെഡിക്കൽ കോളേജിനുവേണ്ടി പ്രത്യേകമായി ചേർന്ന യോഗത്തിന്റെ

ഭാഗമായി കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലും സ്റ്റാഫിന്റെ കാര്യത്തിൽ കുറവുണ്ടെങ്കിൽ സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ, കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജിലും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിന് പത്താം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട ചോദ്യമാകുമ്പോൾ കാസർഗോഡ് നിന്നുള്ള എം.എൽ.എ. എന്ന നിലയിൽ ഞാൻ ഒരു ചോദ്യം ചോദിക്കാതിരിക്കുന്നത് ശരിയല്ല എന്നതുകൊണ്ടാണ് ഞാൻ എഴുന്നേറ്റുനിന്നത്. കാസർഗോഡ് മെഡിക്കൽ കോളേജിന് തറക്കല്ലിട്ടത് എപ്പോഴാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്നതാണ്. 69 കോടിയോളം രൂപ നബാർഡിൽ നിന്നും കിട്ടിയിട്ടുണ്ട്. 25 കോടിയോളം രൂപ കാസർഗോഡ് പാക്കേജിൽ നിന്നും അനുവദിച്ച് കിട്ടിയിട്ടുണ്ട്. ഇതിന്റെ പണി എപ്പോൾ തുടങ്ങാൻ സാധിക്കും, എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കും, ആദ്യത്തെ പ്രവേശനം എപ്പോൾ സാധ്യമാകുമെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, കാസർഗോഡ് മെഡിക്കൽ കോളേജിന്റെ

എസ്റ്റിമേറ്റ് 253.19 കോടി രൂപയാണ്. മൂന്ന് കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. നബാർഡ് 46 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ ഷെയറായി സപ്ലിമെന്ററിയിൽ 11 കോടി രൂപയ്ക്ക് മൂവ് ചെയ്യുന്നു. അതിന് കാസർഗോഡ് പാക്കേജിൽ നിന്നും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിലേയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ടെണ്ടർ എക്സസായതുകൊണ്ട് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി അത് പരിശോധിക്കാനിരിക്കുകയാണ്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ ഉടൻതന്നെ കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ:</u> സർ, മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്, കൂടുതൽ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നെല്ലാം അങ്ങ് ഇവിടെ പറഞ്ഞു. സമീപനാളിലുണ്ടായ ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഇത് പറയുന്നത്. ആർ.പി.എം.എൽ.പി. സ്കൂളിലെ 78 കുട്ടികൾക്ക് വിഷബാധയേറ്റ് ഉടുമ്പൻചോല താലൂക്ക് ആശുപത്രിയിൽ കൊണ്ടുവന്നു. രാത്രി വളരെ വൈകി ചില കുട്ടികൾക്ക് അസുഖം കൂടിയതിനെത്തുടർന്ന് ഇടുക്കി മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തു. 50

കിലോമീറ്റർ യാത്രചെയ്ത് ഇടുക്കി മെഡിക്കൽ കോളേജിൽ ചെന്നപ്പോൾ അവിടെ കുട്ടികളുടെ ഡോക്ടറില്ല. തുടർന്ന് 25 കിലോമീറ്റർ യാത്രചെയ്ത് പ്രൈവറ്റ് ആശുപത്രിയിലാണ് കുട്ടികളെ ചികിത്സിച്ചത്. മെഡിക്കൽ കോളേജിൽ രാത്രി കാലങ്ങളിൽ കുട്ടികളുടെ ഒരു ഡോക്ടർ പോലുമില്ലാത്ത അവസ്ഥയാണുള്ളത്. യഥാർത്ഥത്തിൽ ഇടുക്കി മെഡിക്കൽ കോളേജിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ; ഉടുമ്പൻചോല താലൂക്ക് ആശുപത്രിയിലെ ഡോക്ടറുടെ കാര്യവും ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പരിഗണിക്കുമോ എന്നാണ് എനിക്ക് അറിയേണ്ടത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ വിഷബാധയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. എന്നെ വിളിച്ചിരുന്നു. അപ്പോൾതന്നെ അവിടെ ആവശ്യമായ മുഴുവൻ ഡോക്ടർമാരെയും കൊടുത്തു. ഏറ്റവും നല്ല ചികിത്സ കൊടുത്തുവെന്ന് അവിടെയുള്ള എല്ലാ ആളുകളും വിളിച്ച് സംസാരിച്ചിരുന്നു. ഇടുക്കി മെഡിക്കൽ കോളേജിൽ പോയപ്പോൾ കുട്ടികളുടെ ഡോക്ടർ ഇല്ലായെന്ന് പറഞ്ഞത് എന്തായാലും അന്വേഷിക്കാം. മെഡിക്കൽ കോളേജുകളിൽ രാത്രികാലങ്ങളിൽ അപകടങ്ങളുണ്ടാകുമ്പോൾ സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ എത്തിച്ചേരുകയാണ് പതിവ്. അവിടെ ഹൗസ് സർജന്മാരും സീനിയർ റെസിഡന്റ്സും ഉണ്ടായിരുന്നു. ആ ഒരു

പശ്ചാത്തലത്തിൽ എന്താണ് ഉണ്ടായതെന്ന് അന്വേഷിക്കാം. എന്തായാലും മെഡിക്കൽ കോളേജിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കാണ് ഇപ്പോൾ അംഗീകാരം കിട്ടാതെ കിടക്കുന്നത്. അതിലെ പ്രധാനപ്പെട്ട കാര്യം, അതിൽ ഒരു മെഡിക്കൽ കോളേജായ അടൂരിലെ സിയോണിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ ഞാൻ പോയതാണ്. നല്ല ഒന്നാന്തരമായി കെട്ടിടം പണിതിട്ടുണ്ട്. ഫസ്റ്റ് ഇയർ അഡ്മിഷൻ കഴിഞ്ഞ് കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. സെക്കന്റ് ഇയർ ആയപ്പോൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ അതിന്റെ അംഗീകാരം നിഷേധിച്ചുവെന്നതാണ് പ്രശ്നം. ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ഗതിയെന്താണെന്ന് നമ്മൾ അന്വേഷിക്കേണ്ടതായിട്ടുണ്ട്. ഇതിലും എത്രയോ മോശമായ മെഡിക്കൽ കോളേജുകൾക്ക് തമിഴ്നാട്ടിലും കർണ്ണാകയിലും അംഗീകാരം കിട്ടുന്നു. കേരളത്തിലേയ്ക്ക് വരുമ്പോൾ മാത്രമെന്താണ് ഈ ബുദ്ധിമുട്ട്. ഇത് എന്താണെന്നതിനെപ്പറ്റി ഗവൺമെന്റ് ശ്രദ്ധിച്ചിട്ടുണ്ടോ; സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ജീവിതവും പോകാൻ

പോകുന്നു. ഇനി കേരളത്തിൽ നിന്നും കൂടുതൽ ഡോക്ടർമാർ ഉണ്ടാകുന്ന അവസരവും നിഷേധിക്കപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ശക്തമായ നിലപാട് ഗവൺമെന്റ് സ്വീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് ഞാൻ കരുതുന്നു. മെഡിക്കൽ കോളേജ് എന്നുപറയുന്നത് നമ്മുടെ പൊതു സ്വത്തായി കണക്കാക്കേണ്ടതായിട്ടുണ്ടെന്ന എന്റെ അഭിപ്രായം രേഖപ്പെടുത്തുകയാണ്. എന്താണ് അങ്ങയുടെ അഭിപ്രായം?

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ പ്രശ്നമുണ്ട്. ഗവൺമെന്റിന് 50 ശതമാനം സീറ്റ് കിട്ടുന്നുണ്ട്. അതിൽ സ്വാശ്രയ മാനേജ്മെന്റ് കോടതിയുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ നിൽക്കുകയാണ്. ഗവൺമെന്റിന്റെ ഒരു സമീപനം, ഇവർക്ക് അഡ്മിഷൻ നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുന്നതിനെക്കുറിച്ച് നിയമ വകുപ്പുമായി ആലോചിച്ച് വേണ്ട കാര്യങ്ങൾ ചെയ്യുന്നതാണ്.

<u>ശ്രീ. ബി. സത്യൻ:</u> സർ, 14 ജില്ലകളിലായി 22 മെഡിക്കൽ കോളേജുകൾ നിലവിലുണ്ട്. ലോകാരോഗ്യ സംഘടന പറഞ്ഞതുപ്രകാരം 2000-ൽ കൈവരിക്കേണ്ട നേട്ടം 1990 മുതലുള്ള കാലയളവിൽ കേരളം കൈവരിച്ചുകഴിഞ്ഞു.

കേരളത്തിലെ ആരോഗ്യരംഗം ശക്തിപ്പെടുത്തുന്നതിന് പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെ മെച്ചപ്പെടുത്തേണ്ട സാഹചര്യമാണ് ഇപ്പോൾ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ പുതിയ മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് എന്തെങ്കിലും ശാസ്ത്രീയമായ പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ അതോ ഓരോ കക്ഷികളും ആവശ്യപ്പെടുന്ന പ്രകാരം ഓരോ ആളുകളുടെയും സ്മരണ നിലനിർത്താൻ വേണ്ടി അവരുടെ പേരിൽ മെഡിക്കൽ കോളേജ് ആരംഭിക്കാൻ തുടങ്ങിയാൽ കേരളം എവിടെച്ചെന്ന് അവസാനിക്കും. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ളയിടത്ത് ഡോക്ടർമാരും മരുന്നും ചികിത്സയും ഓപ്പറേഷനുമില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ അസൗകര്യങ്ങളെക്കുറിച്ച് ഇന്നും പത്രങ്ങളിൽ വാർത്തയുണ്ട്. ഈ ദയനീയ സ്ഥിതി നിലനിൽക്കുമ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വിളിപ്പാടകലെയുള്ള തിരുവനന്തപുരം ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജായി ഉയർത്താൻ പോകുകയാണ്. ഇതിന് അംഗീകാരം കിട്ടില്ലായെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. ഇതൊരു തട്ടിപ്പാണ്. ഈ പുതിയ തട്ടിപ്പ് മെഡിക്കൽ കോളേജ് ആരംഭിക്കാതിരിക്കാനുള്ള തീരുമാനം ഗവൺമെന്റ് എടുക്കുമോ; ഒരു മെഡിക്കൽ

കോളേജ് ആരംഭിക്കണമെങ്കിൽ 25 ഏക്കർ സ്ഥലവും 600 കിടക്കകളും എല്ലാ സ്പെഷ്യാലിറ്റികളും എല്ലാ ആധുനിക സൗകര്യങ്ങളും ഉണ്ടാകണമെന്ന് പറയുന്നിടത്ത് ഈ പാരസെറ്റമോൾ ഗുളികപോലും കൊടുക്കാൻ കഴിയാതെ നിലനിൽക്കുന്ന പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെ ശക്തിപ്പെടുത്തേണ്ട ഗവൺമെന്റും ആരോഗ്യ വകുപ്പും എന്തിനാണ് ഈ തട്ടിക്കൂട്ട് മെഡിക്കൽ കോളേജ് ആരംഭിക്കുന്നതെന്നാണ് ചോദ്യം.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങണമെന്നൊരു സമീപനം കഴിഞ്ഞ കേന്ദ്ര ഗവൺമെന്റിനുണ്ടായിരുന്നു. സംസ്ഥാന ഗവൺമെന്റും ആ ഒരു സമീപനം എടുത്തുകൊണ്ടാണ്.......... നമ്മുടെ കുട്ടികൾക്ക് ഏറ്റവും നല്ല രീതിയിൽ മെഡിക്കൽ വിദ്യാഭ്യാസം കേരളത്തിൽ നൽകുക. നമ്മുടെ കുട്ടികൾ പോയി പഠിക്കുന്നത് റഷ്യയിലും ചൈനയിലുമൊക്കെയാണ്. അവിടെ പോയി പഠിച്ചുവന്ന് ഇവിടെ വെറെ ടെസ്റ്റ് പാസ്സാകണം. മറ്റ് സംസ്ഥാനങ്ങളിൽ പോയി പഠിക്കുന്നു. വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും കുട്ടികൾക്ക് ഇവിടെ പഠിക്കുന്നതിനും..... ഏറ്റവും നല്ല വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്നു. ജനറൽ ആശുപത്രി മെഡിക്കൽ കോളേജാകുമ്പോൾ പത്തിരട്ടി ചികിത്സ ഇവിടെ കൂടുതൽ കിട്ടുകയാണ്. മലപ്പുറം ജില്ലയിൽ ഒരു

മെഡിക്കൽ കോളേജ് വന്നു. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു ജില്ലയാണ് മലപ്പുറം ജില്ല. ഇടുക്കി ജില്ലയിൽ നിന്നും മെഡിക്കൽ കോളേജിൽ എത്തിച്ചേരണമെങ്കിൽ എത്ര കിലോമീറ്റർ യാത്ര ചെയ്യണം. കേരളത്തിലെ ഏറ്റവും വലിയ ജില്ലയാണ് പാലക്കാട് ജില്ല. പിന്നോക്ക ജില്ലയായ പാലക്കാട് എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മെഡിക്കൽ കോളേജ് തുടങ്ങി. 100 സീറ്റിൽ 70 സീറ്റ് എസ്.സി. വിഭാഗത്തിനാണ് കൊടുത്തതെന്ന് ബഹുമാനപ്പെട്ട മെമ്പർ ബി. സത്യൻ മനസ്സിലാക്കണം. അങ്ങനെ ഇന്ത്യയിൽ ഒരു സ്റ്റേറ്റിലും കൊടുത്തിട്ടില്ല. തിരുവനന്തപുരം മെഡിക്കൽ കോളേജിനെക്കുറിച്ച് പറഞ്ഞു, ജനറൽ ആശുപത്രിയിൽ കാത്ത്ലാബ് ഉൾപ്പടെ തുടങ്ങുമ്പോൾ അതിന്റെ സൗകര്യം പതിരട്ടി വർദ്ധിക്കുകയാണ്. ഏത് സ്റ്റേറ്റിലാണ് അവരുടെ ക്യാപിറ്റലിൽ സർക്കാർ ലെവലിൽ രണ്ടോ മൂന്നോ മെഡിക്കൽ കോളേജുകൾ ഇല്ലാത്തത്. കൂടുതൽ സൗകര്യങ്ങൾ വരുമ്പോൾ, വിദഗ്ദ്ധ ചികിത്സ ലഭ്യമാകുന്നതിനുള്ള സൗകര്യങ്ങൾ വരുമ്പോൾ അതിനെ എതിർക്കുന്നത് ശരിയല്ല. ഗവൺമെന്റ് കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതുവഴി 2000 കോടിയിലധികം രൂപയാണ് ഈ മേഖലയിൽ ഇൻവെസ്റ്റ് ചെയ്യാൻ തീരുമാനിച്ചുകൊണ്ട് മുന്നോട്ടുപോകുന്നതെന്ന് ഞാൻ അഭിമാനത്തോടുകൂടി പറയട്ടെ. വയനാട് ജില്ലയുടെ

കാര്യം അദ്ദേഹം ഇവിടെ പറഞ്ഞു. ഇത്രയുമധികം പിന്നോക്കം നിൽക്കുന്ന ഒരു ജില്ലയിൽ ഒരു മെഡിക്കൽ കോളേജെന്ന് പറയുന്നത് നമ്മുടെയൊക്കെ സ്വപ്നമായിരുന്നു. അത് സാക്ഷാൽക്കരിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നുള്ളതിൽ അഭിമാനമുണ്ട്. എല്ലാ ജില്ലകളിലും അതിനൂതനമായ രീതിയിലുള്ള വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനും മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് നമ്മുടെ കുട്ടികൾക്ക് പഠിക്കുന്നതിനുള്ള അവസരവുമാണ് ഒരുക്കുന്നത്. ആ നിലപാടുകളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. പോസ്റ്റ് ക്രിയേഷൻ ഇവിടെ നേരത്തെ സൂചിപ്പിച്ചതാണ്. കോടിക്കണക്കിന് രൂപയാണ് ഗവൺമെന്റ് ഇതിനകം ചെലവാക്കിയിരിക്കുന്നത്.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട്ടിലെ ജനങ്ങളെ സംബന്ധിച്ച് കഴിഞ്ഞ 12-ാം തീയതി സന്തോഷകരമായ സുദിനമായിരുന്നു. ഏറെക്കാലമായുള്ള ഗവൺമെന്റ് മെഡിക്കൽ കോളേജ് എന്ന സ്വപ്നം യാഥാർത്ഥ്യമായിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 12-ാം തീയതി അതിന് തറക്കല്ലിട്ടു. എന്റെ ചോദ്യം 2012-13-ൽ അവിടെ കോളറ പിടിപെട്ട് 3 പട്ടികവർഗ്ഗക്കാർ മരണപ്പെടുകയുണ്ടായി. ഈ കഴിഞ്ഞ ദിനങ്ങളിൽ 152 പേർക്ക് കുരങ്ങുപനി ബാധിച്ചു, 11 പേർ മരണപ്പെട്ടു. ഇവരുടെ രക്തം പരിശോധിക്കാൻ കൊണ്ടുപോകുന്നത് കർണ്ണാടകയിലാണ്. 2012-

13-ൽ കോളറ പിടിപെട്ടപ്പോൾ രക്തം പരിശോധിക്കാൻ കൊണ്ടുപോയത് അലപ്പുഴ ഹെൽത്ത് പബ്ലിക് ലാബിലേയ്ക്കാണ്. 2012-13-ൽ വയനാട് ജില്ലയിലെ എന്റെ മണ്ഡലമായ സുൽത്താൻ ബത്തേരിയിൽ ഒരു പബ്ലിക് ഹെൽത്ത് ലാബിനുള്ള തുക അനുവദിച്ചു. ബിൽഡിംഗിന്റെ പണി പൂർത്തീകരിച്ചെങ്കിലും ആവശ്യമായ മിഷനറികളോ സ്റ്റാഫിനേയോ നിയമിച്ചിട്ടില്ല. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സർവ്വേ അനുസരിച്ച് അടുത്ത വർഷവും കുരങ്ങുപനി കൂടാനാണ് സാധ്യത. അപ്പോൾ മരണസംഖ്യ കൂടും. ഈ ലാബ് തുറന്നു പ്രവർത്തിപ്പിക്കാനുള്ള സാഹചര്യങ്ങൾ ഉണ്ടാകുമോ; മാത്രമല്ല, ജനസമ്പർക്ക പരിപാടിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ പറഞ്ഞതാണ്. അത് യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, മെഡിക്കൽ കോളേജിന്റെ കാര്യം പറഞ്ഞു. വയനാട് ജില്ലയിൽ ഇപ്പോൾ കണ്ടുവരുന്ന രോഗമാണ് സിക്കിൾസെൽ അനീമിയ, കുരങ്ങുപനി അതുപോലെയുള്ള രോഗങ്ങൾ. മെഡിക്കൽ കോളേജ് വരുമ്പോൾ എല്ലാ സൗകര്യങ്ങളും ഉണ്ടാകും. കോഴിക്കോട് മെഡിക്കൽ കോളേജിൽ വൈറോളജി ലാബ് സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഈ രോഗങ്ങൾ വരുമ്പോൾ പരിശോധിക്കുന്നതിന് മാംഗളൂരിലേയ്ക്കോ, ആലപ്പുഴയിലേയ്ക്കോ

പോകേണ്ടൊരു സാഹചര്യമാണ്. വയനാടാകുമ്പോൾ അടുത്തുള്ളത് മാംഗളൂരാണ്. എന്തായിരുന്നാലും ലാബ് സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ഗീത ഗോപി: സർ, മെഡിക്കൽ കോളേജുകളുടെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വളരെ വ്യക്തമായ റിപ്പോർട്ടുകൾ സമർത്ഥിക്കുമ്പോൾ തൃശ്ശൂർ ജില്ലയിൽ തന്നെ മെഡിക്കൽ കോളേജുകളുടെ നിലവിലുള്ള പ്രവർത്തനം വളരെ ശോചനീയമാണ്. അവടെ പേപ്പട്ടി പോലും കടിച്ചാൽ അതിനുള്ള മരുന്നിനുവേണ്ടി അലയുന്ന സാഹചര്യം ഉണ്ടായിട്ടുണ്ട്. അടിസ്ഥാനപരമായിട്ടുള്ള പ്രാദേശിക തലത്തിലുള്ളള പാവപ്പെട്ടവന്റെ ധർമ്മാശുപത്രി എന്നു പറയുന്ന സർക്കാർ ആശുപത്രിയിൽ ഇത്തരത്തിലുള്ള മെഡിക്കൽ കോളേജുകളുടെ സാധാരണ രീതിയിലുള്ള പ്രവർത്തനങ്ങൾ വളരെ മോശമായിട്ടുള്ള അല്ലെങ്കിൽ ജനങ്ങൾക്ക് സേവനം ലഭിക്കാവുന്ന രീതിയിലുള്ള സമയബന്ധിതമായിട്ടുള്ള സംവിധാനങ്ങൾ അവിടെയില്ല. അതിനെ സംബന്ധിച്ച് വളരെ വ്യക്തവും ശക്തവുമായിട്ടുള്ള നടപടികൾ ജില്ലാ മെഡിക്കൽ സൂപ്രണ്ടുമാർ അല്ലെങ്കിൽ ഡി.എം.ഒ.മാർ വളരെ കൃത്യമായിട്ടുള്ള പഠനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമാണ് ഇത്തരം സംഭവങ്ങളുണ്ടാകുന്നത്. അതിനെതിരെ

സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഇത്തരത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങൾക്ക് അടിയന്തരമായിട്ടുള്ള സാഹചര്യം പരിഗണിക്കും എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുമ്പോൾ പ്രത്യേകിച്ച് തൃശ്ശൂർ ജില്ലയിൽ മെഡിക്കൽ കോളേജുകളിൽ ഇത്തരത്തിലുള്ള ശോചനിയാവസ്ഥ ഉള്ളപ്പോൾ എന്തു നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കാൻ കഴിയുക?

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഞാൻ നേരത്തെ സൂചിപ്പിച്ച പോലെ ഈ ഗവൺമെന്റ് വന്നശേഷം 225 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. എല്ലാ അടിസ്ഥാനപരമായിട്ടുള്ള സൗകര്യങ്ങളും അവിടെയുണ്ട്. പേപ്പട്ടി വിഷബാധയെകുറിച്ചു പറഞ്ഞു. ആവശ്യമായിട്ടുള്ള മരുന്നുകൾ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ ഗോഡൗണുകളിലും മെഡിക്കൽ കോളേജുകളിലുമുണ്ട്. രണ്ടു ദിവസം മുൻപ് പേപ്പട്ടിയുടേതുമായി ബന്ധപ്പെട്ടുള്ളൊരു യോഗം ചേർന്നപ്പോൾ അതിന് കൂടുതലായി മരുന്ന് ആവശ്യമുള്ളത് വാങ്ങി സൂക്ഷിക്കുന്നതിനു വേണ്ടിയുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇതിലുള്ളൊരു പ്രശ്നം, പട്ടി കടിച്ചാൽ മെഡിക്കൽ കോളേജുകളിലും ജനറൽ ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഐ.സി.യു. ഉള്ള ആശുപത്രികളിൽ മാത്രമേ നമുക്ക് ഇഞ്ജക്ഷൻ കൊടുക്കാൻ കഴിയുകയുള്ളൂ. ഈ ഇഞ്ജക്ഷൻ കൊടുക്കുമ്പോൾ എന്തെങ്കിലും കുഴപ്പങ്ങളുണ്ടാകുന്നൊരു സാഹചര്യം

ഉണ്ടാകുകയാണെങ്കിൽ ഐ.സി.യു. വേണം. അപ്പോൾ അങ്ങനെയുള്ള ആശുപത്രികളിൽ മാത്രമാണ് കൊടുക്കുന്നത്. മറ്റ് ആശുപത്രികളിൽ അടിയന്തരമായി കൊടുക്കേണ്ട സാഹചര്യങ്ങൾ ഉണ്ടാകുമ്പോൾ അപ്പോൾ തന്നെ എത്തിക്കുന്നുമുണ്ട്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നതിനുവേണ്ടി ഗവൺമെന്റ് എടുത്ത തീരുമാനം ഏറെ ശ്ലാഘനീയമാണ്. അത് ഈ സഭയിൽ എല്ലാവരും ഒരുപോലെ പരിഗണിക്കേണ്ടതുമാണ്. 1980-82-ന് ശേഷം 30 വർഷങ്ങൾക്കു ശേഷമണ് കേരളത്തിൽ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നത്. മെഡിക്കൽ വിദ്യാഭ്യാസത്തിനും ഉന്നത ചികിത്സാ സൗകര്യങ്ങൾ ലഭ്യമാകാനും ജില്ലകളിൽ കൂടുതൽ സൗകര്യങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച ഗവൺമെന്റിനെ മുക്തകണ്ഠം പ്രശംസിക്കുകയാണ്. ഇടുക്കിയിൽ കഴിഞ്ഞ വർഷം ആരംഭിച്ചു. രണ്ടാം വർഷത്തിലേയ്ക്ക് പ്രവേശിക്കുന്നു. അവിടെ ആവശ്യമായ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു. ശ്രീ. കെ. കെ. ജയചന്ദ്രൻ സൂചിപ്പിച്ച കാര്യമാണെങ്കിലും അവിടെ ജോയിൻ ചെയ്യാൻ ഡോക്ടർമാർ വിസമ്മതിക്കുന്നു. അതുകൊണ്ട് സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ ചില അസൗകര്യങ്ങൾ അവിടെയുണ്ട്. പ്രത്യേകിച്ച് കുട്ടികളുടെ വിഭാഗത്തിലും

ഓർത്തോയിലുമൊക്കെ ഡോക്ടർമാർ വന്നു ചേരാത്തത് സുഗമമായ നടത്തിപ്പിന് ചില തടസ്സങ്ങളുണ്ട് എന്നത് അംഗീകരിക്കുന്നു. എങ്കിലും ബാലാരിഷ്ടതയാണെന്ന് മനസ്സിലാക്കികൊണ്ടുതന്നെ അതിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലൂടെ ആ മെഡിക്കൽ കോളേജ് നല്ല നിലയിൽ മുന്നോട്ടു പോകുകയാണ്. ഇതുവരെ ഏത്ര രൂപ ഇടുക്കി മെഡിക്കൽ കോളേജിന്റെ അടിസ്ഥാന വികസനങ്ങൾക്കുവേണ്ടി ഉപയോഗിച്ചിട്ടുണ്ടെന്നും, ഇവിടെ സൂചിപ്പിച്ചതുപോലെ മെഡിക്കൽ കോളേജ് ആശുപത്രി നിർമ്മാണത്തിനുവേണ്ടി 57 കോടി 11 ലക്ഷം രൂപയുടെ ടെണ്ടർ നടപടികൾ കഴിഞ്ഞു. ടെണ്ടർ എക്സസ് ആണ്. അത് ഒരു കമ്മിറ്റി പുതിയതായി ആരംഭിക്കുമെന്ന് മന്ത്രി മറുപടി പറഞ്ഞു. അത്തരം കാര്യങ്ങൾ ദ്രുതഗതിയിലാക്കുന്നതിനും മലയോര മേഖലയോട് കാണിച്ച ഏറ്റവും വലിയ നീതിപൂർവ്വമായ ഒരു സമീപനമായി ഇടുക്കി മെഡിക്കൽ കോളേജിനെ ഞങ്ങൾ കാണുന്നു. അതിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ദ്രുതഗതിയിലാക്കുന്നതിന് ഒരു ഉത്തതതല യോഗം പ്രത്യേകിച്ച് ഡി.എം.ഇ., ഡി.എച്ച്.എസ്. ഉൾപ്പെടെയുള്ള വിഷയങ്ങളൊക്കെ അവിടെ നിലനില്ക്കുന്നു. അതിനുവേണ്ടി ഒരു മീറ്റിംഗ് തിരുവനന്തപുരത്ത് വിളിച്ചു ചേർക്കണം എന്നുള്ളൊരു അപേക്ഷയും കൂടി ഞാൻ ഉന്നയിക്കുകയാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, സർക്കാർ മെഡിക്കൽ കോളേജുകൾ... ഇവിടെ 6 സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം ലഭ്യമാകാത്തത് അവയുടെ സൗകര്യകുറവുകൊണ്ടാണ്. പക്ഷേ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെല്ലാം ഓരോ വർഷവും തുടർന്നങ്ങോട്ടുള്ള ഓരോ വർഷവും വരുന്ന മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ ഇൻസ്പെക്ഷനിൽ നമുക്കത് ലഭ്യമാകുന്നു. കാരണം അതിനകത്ത് പോസ്റ്റ് ക്രിയേഷനടക്കമുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഗവൺമെന്റ് സമയബന്ധിതമായി ചെയ്യുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം മെരിറ്റ് സീറ്റിൽ 950 ഉണ്ടായിരുന്നത് ഇപ്പോൾ 1250 സീറ്റായി. 300-ഓളം മെരിറ്റ് സീറ്റ് നമുക്കിപ്പോൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇടുക്കി മെഡിക്കൽ കോളേജിനെ സംബന്ധിച്ചിടത്തോളം 277.68 കോടി രൂപയുടെ പ്രോജക്ടാണ്. 8.36 കോടി രൂപ ഇതിൽ ചെലവഴിച്ചു കഴിഞ്ഞു. നബാർഡ് 57 കോടി രൂപ അനുവദിച്ചു. അതിന്റെ സ്റ്റേറ്റ് ഷെയർ ആയ 11 കോടി രൂപ ഇപ്പോൾ സപ്ലിമെന്ററിയായി പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. അതുകൂടി അനുവദിക്കും. അവിടത്തെ പ്രശ്നങ്ങൾ മുഴുവൻ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചപോലെ ഈ ആഴ്ച തന്നെ ഒരു യോഗം പ്രത്യേകമായി വിളിച്ചു ചേർക്കുന്നതാണ്.

ശ്രീ. ജോസ് തെറ്റയിൽ: സർ, ഇല്ലത്തുനിന്ന് പുറപ്പെട്ടു അമ്മാത്ത് എത്തിയിട്ടില്ല എന്ന് പറഞ്ഞപോലെയാണ് എറണാകുളം കളമശ്ശേരി മെഡിക്കൽ കോളേജിന്റെ സ്ഥിതി. കോ-ഓപ്പറേറ്റീവ് സെക്ടറിലായിരുന്നു, ഗവൺമെന്റിലേയ്ക്ക് വന്നുവെന്ന് പറയുന്നു. അതിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; അവിടേയ്ക്കുള്ള അഡ്മിഷന്റെ കാര്യം നടക്കുമ്പോൾ റിസർവേഷന്റെ കാര്യം പാലിക്കുന്നുണ്ടോ; തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണ്?

ശ്രീ. വി. എസ്. ശിവകുമാർ: സർ, കൊച്ചി മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. എറണാകുളം ജില്ലയിലുള്ള മെഡിക്കൽ കോളേജെന്ന നിലയിലാണ് കൊച്ചി മെഡിക്കൽ കോളേജ് നമ്മൾ ഏറ്റെടുത്തത്. 350 പോസ്റ്റുകൾ കൊച്ചി മെഡിക്കൽ കോളേജിനുവേണ്ടി ക്രിയേറ്റ് ചെയ്തു. അവിടെ 872 സ്റ്റാഫ് ആവശ്യമുണ്ടെന്നാണ് ഡി.എം.ഇ.യുടെ റിപ്പോർട്ട്. അതനുസരിച്ച് അവിടെ പെർമനന്റ് സ്റ്റാഫായിട്ടുള്ള 142 ടീച്ചിംഗ് സ്റ്റാഫ്, 202 നോൺ ടീച്ചിംഗ് സ്റ്റാഫ് ഉൾപ്പെടെയുള്ളവരെയെല്ലാം റെഗുലറൈസ് ചെയ്തു. ഇനിയുള്ളത് കോൺട്രാക്ട് എംപ്ലോയീസും ഡെയിലി വേജസിലുള്ളവരുമാണ്. അവരുടെ ലിസ്റ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റി പരിശോധിച്ച് ലിസ്റ്റ് ലഭ്യമാക്കാൻ പറഞ്ഞിട്ടുണ്ട്. ഘട്ടംഘട്ടമായി ഇവരെ സ്ഥിരപ്പെടുത്തുന്നതിലേയ്ക്കുള്ള

നടപടികൾ സ്വീകരിക്കും. കോളേജിനോടനുബന്ധിച്ചുള്ള നഴ്സിംഗ് കോളേജും ഗവൺമെന്റ് ഏറ്റെടുത്തിട്ടുണ്ട്. ഇതുവരെ സഹകരണ ഡിപ്പാർട്ടുമെന്റിന്റെ കീഴിലായിരുന്നു. ഇപ്പോൾ 100 സീറ്റും ഗവൺമെന്റിനാണ്. നേരത്തെ 50 സീറ്റ് മാത്രമാണ് ഗവൺമെന്റിനുണ്ടായിരുന്നത്. ഇപ്പോൾ നൂറ് സീറ്റിലും അഡ്മിഷൻ നടത്തുന്നതിനുവേണ്ടിയുള്ള സാഹചര്യമുണ്ട്. ഈ വർഷം  അംഗീകാരം കിട്ടി. അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോവുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, പുതിയ മെഡിക്കൽ കോളേജുകൾ വന്നതോടെ പുതിയ കുറേ പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. ഇവിടെ നേരത്തേ സൂചിപ്പിച്ചതുപോലെ പുതിയ മെഡിക്കൽ കോളേജുകൾ വന്നപ്പോൾ  കുറേ കുട്ടികൾക്ക് അഡ്മിഷൻ ലഭിക്കാനിടയായി എന്നുള്ളത് വളരെയധികം സ്വാഗതാർഹമായ കാര്യമാണ്. പുതുതായി ആരംഭിച്ച മെഡിക്കൽ കോളേജുകളിൽ നിർമ്മാണവുമായി ബന്ധപ്പെട്ട കാര്യങ്ങളുണ്ട്, മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവുമായി ബന്ധപ്പെട്ട്....... ഒരിക്കൽ കിട്ടിയാലും ഓരോ വർഷവും വിസിറ്റ് ചെയ്യുമ്പോൾ അതിന് സജ്ജമാക്കേണ്ട കാര്യമുണ്ട്. അതുകൊണ്ട് ഇങ്ങനെയുള്ള പുതിയ മെഡിക്കൽ കോളേജുകളെ സംബന്ധിച്ച് മാത്രം നിരീക്ഷിക്കുന്നതിനും അതുസംബന്ധിച്ച് കാര്യങ്ങൾ നോക്കുന്നതിനുംവേണ്ടി സംസ്ഥാന തലത്തിൽ  ഒരു മോണിറ്ററിംഗ്

സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടി അങ്ങ് പ്രത്യേകമായി താൽപ്പര്യം എടുക്കുമോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, പുതിയ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സെക്രട്ടറി അടക്കമുള്ള ആളുകൾ ഇക്കാര്യങ്ങൾ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായ സാഹചര്യമുണ്ടെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കാം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്, മഞ്ചേരി മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടിട്ടുള്ളതാണ്. ഓരോ വർഷവും അതിലേയ്ക്കുവേണ്ട സാഹചര്യം ഒരുക്കികൊണ്ടിരിക്കുന്നു. കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ ഫസ്റ്റ് ഇയർ എം.ബി.ബി.എസ്.ന് കഴിഞ്ഞ വർഷം ഫസ്റ്റ് റാങ്ക് കിട്ടിയത് നമ്മൾ തുടങ്ങിയ മഞ്ചേരി മെഡിക്കൽ കോളേജിനാണ്. ഗവൺമെന്റ് തുടങ്ങിയിട്ടുള്ള മെഡിക്കൽ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ എല്ലാ സൗകര്യങ്ങളും ഒരുക്കുന്നുണ്ട്. ഡോക്ടറില്ല, സ്റ്റാഫില്ല എന്നൊക്കെ പറയുന്നുണ്ടെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ട്. മഞ്ചേരി മെഡിക്കൽ കോളേജിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. അവിടെ ജനറൽ ഹോസ്പിറ്റലാണ് ഏറ്റെടുത്തതെങ്കിലും പുതിയ ജനറൽ ഹോസ്പിറ്റൽ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള തീരുമാനവും എടുത്തിട്ടുണ്ട്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, താലൂക്ക് ആശുപത്രിയുടേയും ജില്ലാ ജനറൽ

ആശുപത്രിയുടേയും ബോർഡ് മാറ്റി, മെഡിക്കൽ കോളേജിന്റെ ബോർഡു വച്ചതുകൊണ്ട് മാത്രം അത് മെഡിക്കൽ കോളേജ് ആകുന്നില്ല. വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടാക്കുന്നില്ലെന്ന് മാത്രമല്ല സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം കിട്ടുന്നതിന് വേണ്ടി ഫാക്കൽറ്റികളെ വാടകയ്ക്ക് എടുക്കുന്നത് മന്ത്രിയുടെ ശ്രദ്ധയിൽ ഉണ്ടോ; രണ്ടോ മൂന്നോ ദിവസത്തേക്ക് വാടകയ്ക്ക് എടുത്ത് കൗൺസിലിന്റെ ഇൻസ്പെക്ഷൻ വരുന്ന സമയത്ത് കാണിച്ചുകൊടുക്കുകയും അതുകഴിഞ്ഞ് അവരിൽ പലരും ഉത്തരേന്ത്യയിലേയ്ക്ക് പോകുകയും ചെയ്യുന്ന സ്ഥിതി ഇവിടെയുണ്ട്, മൂന്ന് ദിവസത്തേക്ക് രണ്ടു ലക്ഷം രൂപ വരെ വാടക സംഖ്യകൊടുത്തിട്ടാണ് പല സ്വകാര്യ-സ്വാശ്രയ മെഡിക്കൽ കോളേജുകളും ഫാക്കൽറ്റികളെ വിളിച്ച് ഇരുത്തുന്നത്. ഇതിന്റെ ഭാഗമായിട്ട് കേരളത്തിലെ സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ വിദ്യാഭ്യാസമാകെ താറുമാറായിരിക്കുകയാണ്. ഇത് ശ്രദ്ധയിൽ ഉണ്ടോ, ഇതിൽ ഇടപെടുന്നതിന് വേണ്ടി വല്ല സംവിധാനങ്ങളും ആരോഗ്യ വകുപ്പ് ആലോചിക്കുന്നുണ്ടോ, എന്നറിയണം.

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: സർ, സ്വശ്രയ മെഡിക്കൽ കോളേജുകളുടെ സൗകര്യങ്ങൾ മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യ പരിശോധിച്ചിട്ടാണ്

അവർക്ക് റെക്കഗ്നിഷൻ കൊടുക്കുന്നത്. ഇത് ശ്രദ്ധയിൽപെട്ടാൽ തീർച്ചയായിട്ടും ഗവൺമെന്റിന്റേതായ പരിമിതിക്കകത്ത് നിന്നുകൊണ്ട് ഈ കാര്യങ്ങൾ പരിശോധിക്കും. അതിനുവേണ്ട നടപടികൾ ഗവൺമെന്റ് പരിശോധിച്ചതിനുശേഷം സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. ബെന്നി ബെഹനാൻ: സർ, എറണാകുളം മെഡിക്കൽ കോളേജിൽ 350 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്തു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതിൽ എത്ര എണ്ണമാണ് പെർമനന്റ് പോസ്റ്റുകൾ, എത്ര എണ്ണമാണ് താൽക്കാലിക പോസ്റ്റുകൾ ? എറണാകുളം മെഡിക്കൽ കോളേജിനോട് അനുബന്ധിച്ച് ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ തറക്കല്ലിട്ടു. ഇവിടെ ബഹുമാനപ്പെട്ട ഹൈബി ഈഡൻ ഉൾപ്പെടെയുള്ള ആളുകൾ സബ്മിഷൻ കൊണ്ടുവന്നതാണ്. ആ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുന്നതിനുവേണ്ടിയുള്ള എന്ത് നടപടിയാണ് ഈ ഗവൺമെന്റ് കൈക്കൊണ്ടിരിക്കുന്നത്, ഈ വർഷം തന്നെ അത് തുടങ്ങുന്നതിന് വേണ്ടി സാധിക്കുമോ?

ശ്രീ. വി.എസ്. ശിവകുമാർ: സർ, എറണാകുളം മെഡിക്കൽ കോളേജിന്റെ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചു. 350 പോസ്റ്റ് ക്രിയേറ്റ് ചെയ്തു. ബാക്കിയുള്ളത് കോൺട്രാക്ട് എംപ്ലോയീസും, ഡെയിലിവേജസ്സുമാണ്. അത് ആവശ്യമായിട്ടുള്ളത്

റിപ്പോർട്ട് ലഭ്യമായാലുടൻ അവരെ സ്ഥിരപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൊച്ചിയിലെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് 450 കോടി രൂപയുടെ പ്രോജക്ടാണ്. തറക്കല്ലിട്ടു. സാമ്പത്തികമായ പ്രശ്നമാണ് അത് മുന്നോട്ട് കൊണ്ടുപോകുന്നതിനായുള്ള ബുദ്ധിമുട്ടായി നിൽക്കുന്നത്. സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് ഈ കാര്യത്തിൽ ആന്യൂറ്റി മോഡലിൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിക്കുന്നതിലേക്ക് വേണ്ടിയുള്ള നടപടികളുമായി മുന്നോട്ട് പോകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. അതിന്റെ ഫയൽ ധനകാര്യ വകുപ്പിലാണ്. ചില ക്ലിയറൻസ് ധനകാര്യ വകുപ്പ് ചോദിച്ചിട്ടുണ്ട്. ആ ക്ലിയറൻസ് ലഭ്യമായാലുടൻ അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ട് പോകും. ആന്യൂറ്റി മോഡൽ എന്നുപറയുമ്പോൾ ഓരോ വർഷവും സംസ്ഥാന ഗവൺമെന്റ് തന്നെ, നിർമ്മിക്കുന്ന കമ്പനിക്ക് തുക കൊടുക്കേണ്ടതുണ്ട്. അതോടൊപ്പം തന്നെ കൊച്ചിയിലെ ജില്ലാ സഹകരണ ബാങ്ക് ലോൺ തരാമെന്ന് പറഞ്ഞിട്ടുണ്ട്. അവർ ഔദ്യോഗികമായി അറിയിച്ചിട്ടില്ല. മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. അവരുമായി ബന്ധപ്പെടുന്നുണ്ട്, അത് ലഭ്യമായാൽ അത് സ്വീകരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കും. ഗവൺമെന്റ് ഓരോ വർഷവും അതിലേക്ക് വേണ്ടിയുള്ള

തുക അനുവദിക്കുന്നതാണ്.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: സർ, അങ്ങ് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. ധാരാളം തസ്തികകൾ ഉണ്ടാക്കിയിട്ടുണ്ട്, കുറേ കാര്യങ്ങൾ വിശദീകരിച്ചു. തൃശ്ശൂർ മെഡിക്കൽ കോളേജിൽ കഴിഞ്ഞ ആഴ്ചക്കു മുൻപത്തെ ആഴ്ച ഞാൻ പോയപ്പോൾ 16 ലിഫ്റ്റ് ഉണ്ട്, 16 എണ്ണവും വർക്കു ചെയ്യുന്നില്ല. അവിടെ കുടിവെള്ളം കിട്ടുന്നില്ല. പ്രാഥമികമായ കാര്യങ്ങൾ പോലും അവിടെ ലഭിക്കുന്നില്ല. അവിടെ സമരം ആരംഭിക്കുവാൻ പോകുകയാണ്, വിവിധ സംഘടനകൾ സമരത്തിലാണ്. പ്രാഥമികമായ കാര്യങ്ങൾ നിലവിലുള്ള മെഡിക്കൽ കോളേജുകളിൽ പോലും പൂർത്തീകരിക്കാതെയും, വീഴ്ച വന്നത് പരിഹരിക്കാതെയും ഇങ്ങനെ മുന്നോട്ട് പോയിട്ട് എന്താണ് കാര്യം? തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ ശോചനീയാവസ്ഥ പരിഹരിക്കുമോ?

<u>ശ്രീ. വി.എസ്. ശിവകുമാർ</u>: സർ, തൃശ്ശൂർ മെഡിക്കൽ കോളേജിൽ കോടിക്കണക്കിന് രൂപയുടെ വികസന പ്രവർത്തനങ്ങൾ തുടങ്ങിയതിൽ ബഹുമാനപ്പെട്ട മെമ്പർ വരെ പങ്കെടുത്തതാണ്. ഇത്രയധികം ഭംഗിയായി നടക്കുന്ന ഒരു മെഡിക്കൽ കോളേജ് ഒരു പക്ഷേ കേരളത്തിൽ ഉണ്ടാകില്ല. ഞാൻ വന്നപ്പോൾ ബഹുമാനപ്പെട്ട മെമ്പർ ലിഫ്റ്റ് വർക്കു ചെയ്യുന്നില്ലായെന്ന് എന്നോട് പറഞ്ഞു, ഞാൻ

അത് അന്വേഷിച്ചു. അതിലേക്കുവേണ്ട നടപടികൾ സ്വീകരിക്കാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്, അത് പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവിടെ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ട് എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധയിൽപെടുത്തിയാൽ അത് പരിഹരിക്കുന്നതിലേക്കുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## അന്യസംസ്ഥാന തൊഴിലാളികൾ

*362 ശ്രീ. സി. ദിവാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജു:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലും ഏതെല്ലാം സംസ്ഥാനങ്ങളിലുള്ളവരാണെന്നു വ്യക്തമാക്കുമോ;

(ബി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകാറുണ്ടോ; എങ്കിൽ തൊഴിൽ കാർഡും ഫോട്ടോയും ഒറിജിനൽ രേഖകളും പോലീസ് സ്റ്റേഷനിൽ ഹാജരാക്കണമെന്ന വ്യവസ്ഥയുണ്ടോ;

(സി) അന്യ സംസ്ഥാന തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതിന് മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം

സംഘങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):സർ,

(എ) അന്യസംസ്ഥാന തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള അന്യസംസ്ഥാന തൊഴിലാളികളുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ പശ്ചിമബംഗാൾ, ബീഹാർ, ആസ്സാം തുടങ്ങിയ സംസ്ഥാനക്കാരാണ് കൂടുതലായി കേരളത്തിൽ ജോലി ചെയ്ത് വരുന്നത്.

(ബി) കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരുന്നുണ്ട്. നിലവിലുള്ള തൊഴിൽ നിയമപ്രകാരം തൊഴിൽ കാർഡും ഫോട്ടോയും ഒറിജിനൽ രേഖകളും പോലീസ് സ്റ്റേഷനിൽ ഹാജരാക്കുന്നതിന് വ്യവസ്ഥയില്ല.

(സി) അന്യസംസ്ഥാന തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതിന് മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പലരും റഫർ ചെയ്ത ഒരു വസ്തുത ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയണ് ഞാൻ. എന്റെ ആ പ്രയോഗം ഞാൻ പിൻവലിക്കുകയാണ്

അന്യസംസ്ഥാനം എന്നുള്ളത് ഇതര സംസ്ഥാനം എന്നാക്കി മാറ്റണം. ഇതര സംസ്ഥാനങ്ങളിൽ നിന്നു വരുന്ന തൊഴിലാളികൾ കേരളത്തിന്റെ കുറ്റകൃത്യങ്ങൾ വർദ്ധിപ്പിക്കുന്നതിൽ വലിയ പങ്കു വഹിക്കുന്നതായിട്ട് പല കേസ്സുകളും തെളിഞ്ഞിട്ടുണ്ട്. ക്രിമിനൽ സ്വഭാവമുള്ള ആളുകളാണ് ഇവിടെ വരുന്നത്. അവർ ഈ പറഞ്ഞ സംസ്ഥാനങ്ങളിൽ നിന്നു വന്ന് ഇവിടെ എന്തെങ്കിലും പണി ചെയ്തിട്ട് കൊലപാതകം, കവർച്ച ഇതെല്ലാം നടത്തി സ്ഥലംവിടുകയാണ്. പോലീസിന് യാതൊരു പിടിയും കിട്ടുന്നില്ല. സ്ഥാപനങ്ങളിൽ മാത്രമല്ല, സ്വകാര്യ വീടുകളിൽ സെക്യൂരിറ്റിയായി നിൽക്കുന്നുണ്ട്, വീട്ടു പണിയ്ക്ക് നിൽക്കുന്നുണ്ട്, ഗാർഡനിൽ നിൽക്കുന്നുണ്ട്, ഇതിന് യാതൊരു നിയന്ത്രണവുമില്ല. ഇവരെ നിയന്ത്രിക്കുന്നതിന് ഇപ്പോൾ എടുത്തിരിക്കുന്ന നടപടി കാർഡുകൊടുക്കൽ മാത്രമാണ്. അതുകൊണ്ടുമാത്രം ഇവരെ നിയന്ത്രിക്കുവാൻ പറ്റുകയില്ല. ഇവർക്ക് പ്രത്യേക ഏരിയകളിൽ ലേബർ ക്യാമ്പുകൾ ഉണ്ടാകണം, അവിടെ നിന്നുമാത്രമേ അവരെ ഐഡന്റിഫൈ ചെയ്യുവാൻ കഴിയുകയുള്ളൂ. അതിനെന്തെങ്കിലും നടപടികൾ ഉണ്ടോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, രണ്ടു മൂന്ന് കാര്യങ്ങൾ ആണ് അദ്ദേഹം സൂചിപ്പിച്ചത്. അവസാനം പറഞ്ഞത് ലേബർ ക്യാമ്പുകൾ, ഇന്നലെ ലേബറിന്റെ ഡിമാന്റിനുള്ള മറുപടി പ്രസംഗത്തിൽ അതിനെക്കുറിച്ച് ഞാൻ പരാമർശിച്ചിരുന്നു,

അദ്ദേഹമില്ലാത്തതുകൊണ്ട് അറിഞ്ഞില്ല. ആദ്യത്തെ ലേബർ ക്യാമ്പ് ഗവൺമെന്റ് മുൻകൈ എടുത്ത് പാലക്കാട് സ്ഥാപിക്കുകയാണ്. അതിനുശേഷം എല്ലാ ജില്ലകളിലേക്കും ഇത് വ്യാപിപിക്കുകയാണ്. സ്ഥലത്തിന്റെ ലഭ്യതയാണ് പ്രശ്നം. അന്യസംസ്ഥാന തൊഴിലാളികൾ അല്ലെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾ അല്ലെങ്കിൽ അന്യ ഭാഷാ തൊഴിലാളികൾ അവരെല്ലാം കുറ്റവാളികളാണ് എന്നു ചിത്രീകരിക്കുന്നതിൽ ഒരർത്ഥവുമില്ല. നമ്മുടെ കൈയ്യിൽ, നമ്മൾ നടത്തിയ ഒരു പഠനത്തിൽ by and large വളരെ സമാധാനപരമായ ഒരു സമൂഹമാണ്. എല്ലാ സമൂഹത്തിലും കുറ്റവാളികൾ ഉള്ളതുപോലെ ഇൻഡ്യയിലെ മറ്റു സംസ്ഥാനങ്ങളിലും കുറ്റവാളികൾ ഉണ്ട്. അവർ ഇതിന്റെ മറവിൽ ഇവിടെ എത്തുന്നുണ്ട് എന്നത് ഒരു വസ്തുത തന്നെയാണ്. ഒരു കാര്യം ഈ സഭ മനസ്സിലാക്കണം. ബഹുമാനപ്പെട്ട ശ്രീ. ദിവാകരൻ ഉന്നയിച്ചതിന്റെ അർത്ഥം ഞാൻ ഉൾക്കൊള്ളുന്നു. പക്ഷേ ഇൻഡ്യയിലെ പൗരന്മാരാണ് നമ്മളും അവരും. ഇൻഡ്യാ രാജ്യത്ത് എവിടേയും പോയി ജോലി ചെയ്യാനുള്ള അവകാശവും, സ്വാതന്ത്ര്യവും ഭരണഘടന കൊടുത്തിട്ടുണ്ട്. കേരളത്തിൽ വന്ന് ജോലി ചെയ്യണമെങ്കിൽ പ്രത്യേകമായി രജിസ്റ്റർ ചെയ്താലേ കേരളത്തിലേക്ക് കടക്കാവൂ എന്ന നിലപാട് എടുക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. അങ്ങനെവന്നാൽ മലയാളികളായിട്ടുള്ളവർ ഇൻഡ്യയുടെ ഇതര ഭാഗങ്ങളിൽ

പോകുന്നവർക്ക് ഉണ്ടാകുന്ന പ്രത്യാഘാതം എന്തായിരിക്കും? അതുകൊണ്ട് ആ ഒരു സമീപനം നമ്മൾ കൈക്കൊള്ളരുത്. ഈ സാഹചര്യത്തിൽ നിന്നുകൊണ്ട് അവരുടെ ക്രൈം എങ്ങനെ കുറയ്ക്കാം എന്നുള്ളതിനെക്കുറിച്ച് ഞങ്ങൾ ഒരു ജോയിന്റ് മീറ്റിംഗ് ഹോം ഡിപ്പാർട്ടുമെന്റുമായി നടത്തിയിട്ടുണ്ട്. ബാക്കി ആ കാര്യങ്ങളെക്കുറിച്ച് ഹോം മിനിസ്റ്റർ പറയുമെന്നല്ലാതെ ഇവരെ അടക്കി കുറ്റവാളികൾ എന്നും ഇവർ കേരളത്തിലേക്ക് വരുന്നെങ്കിൽ ഇവർക്ക് പ്രത്യേക നിബന്ധനകൾ വേണം എന്നുള്ള നിലയിലേക്ക് ചർച്ചകൾ പോകുന്നത് ശരിയല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, പോലീസ് ഈ കാര്യങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ഇവരെ കൊണ്ടുവരുന്ന ആളുകളെ സംബന്ധിച്ചും, ഇവരുടെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ഞങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ചില സന്ദർഭങ്ങളിൽ നടപടികൾ സ്വീകരിക്കേണ്ട സമയങ്ങളിൽ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. We are very much vigil on this.

ശ്രീ. സി. ദിവാകരൻ: സർ, എന്റെ ചോദ്യത്തിന് ഒരുപാട് ദുർവ്യാഖ്യാനങ്ങളാണ് ബന്ധപ്പെട്ട വകുപ്പുമന്ത്രി നൽകിയിരിക്കുന്നത്. പോലീസ് റിപ്പോർട്ട് ചെയ്യുന്ന പല കേസുകളിൽ നിന്നും മനസ്സിലാകുന്നത് പലരും അതിൽ

involved ആണെന്നാണ്. അത് exaggerate ചെയ്താണ് അങ്ങ് സംസാരിച്ചത്. രണ്ടാമതായി, ഭരണഘടനാ ബഞ്ചിന്റെ കാര്യങ്ങളൊന്നും എന്നെ അങ്ങ് പഠിപ്പിക്കേണ്ട. എല്ലാപേർക്കും എവിടേയും പോകാനുള്ള സ്വാതന്ത്ര്യമുണ്ട്. കേരളത്തിൽ ഈ വിഷയം കൈകാര്യം ചെയ്തതിൽ ലേബർ ഡിപ്പാർട്ടുമെന്റ് എടുത്തിരിക്കുന്ന നടപടികൾ അപര്യാപ്തമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ഷിബു ബേബി ജോൺ: ചോദ്യം എന്താണ് ? ചോദ്യമില്ലല്ലോ?

മി. സ്പീക്കർ: ലേബർ ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുള്ള നടപടികൾ അപര്യാപ്തമാണോയെന്നാണ് ചോദ്യം.

ശ്രീ. ഷിബു ബേബി ജോൺ: സർ, ഇതിനകത്ത് ചോദ്യമില്ല. എല്ലാം സ്റ്റേറ്റുമെന്റുകളായിരുന്നു. ഞാൻ ആരേയും ആക്ഷേപിക്കാൻ വേണ്ടി പറഞ്ഞതല്ല. കേരളത്തിലെ കുറ്റകൃത്യങ്ങളുടേയും കൊലപാതകങ്ങളുടേയും ശതമാനമെടുത്തു നോക്കിയാൽ മലയാളികൾ എത്ര കുറ്റകൃത്യങ്ങൾ നടത്തുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അന്യ സംസ്ഥാനാ തൊഴിലാളികളുടെ കണക്കെടുക്കുമ്പോൾ 25 ലക്ഷം പേരുണ്ടെന്നാണ് പറയുന്നത്...

ശ്രീ. സി. ദിവാകരൻ : അപ്പോൾ അവർകുറ്റകൃത്യങ്ങൾ നടത്തട്ടെയെന്നാണോ?

ശ്രീ. ഷിബു ബേബി ജോൺ: ഞാനൊന്ന് പറയട്ടെ, നിങ്ങൾ

അങ്ങനെയാണോ മനസ്സിലാക്കിയത്? ഞാൻ മലയാളത്തിലാണ് സംസാരിച്ചത്. നിങ്ങൾ മനസ്സിലാക്കുന്നതിന്റെ വ്യത്യാസമാണെങ്കിൽ എനിക്ക് ഒന്നും ചെയ്യാൻ സാധിക്കില്ല.

മി. സ്പീക്കർ : പരസ്പരം തർക്കം വേണ്ട ...പ്ലീസ്..

ശ്രീ. ഷിബു ബേബി ജോൺ : ഞാൻ പറഞ്ഞത് കേരളത്തിലെ percentage എടുത്തു നോക്കിയാൽ മലയാളികൾ കൊലപാതകം നടത്തുന്നില്ല? ഇന്നലെ ഒൻപത് വയസ്സ് പ്രായമുള്ള കുട്ടിയെ കൊല ചെയ്യതത് നമ്മൾ ചർച്ച ചെയതതല്ലേ? അതുപോലെ ഇവിടെയും കുറ്റകൃത്യങ്ങൾ നടക്കുന്നുണ്ട്. പക്ഷേ അതിന്റെ percentage വച്ച് നോക്കിയാൽ, നമ്മൾ നടത്തിയ സ്റ്റഡി വച്ച് നോക്കിയാൽ, ബഹുഭൂരിപക്ഷം ഇതര സംസ്ഥാന തൊഴിലാളികളും ഇവിടെ വന്ന് സമാധാനപരമായി മറ്റൊരു പ്രശ്നവുമില്ലാതെ ജോലി ചെയ്ത് വരുമാനമുണ്ടാക്കി വീട്ടിലേയ്ക്ക് അയക്കുന്നവരാണ്. അതിന്റെ മറവിൽ ക്രിമിനൽസ് വരുന്നുവെന്നുള്ളത് സത്യം തന്നെയാണ്. അതിന് ഒരു പ്രത്യേക പ്രോഗ്രാം ഡിവൈസ് ചെയ്ത് അവരെ നിരീക്ഷിച്ച് കണ്ടെത്താനുള്ള നടപടികൾ ഉണ്ടാകുന്നുണ്ട്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ചോദ്യം ഉന്നയിക്കാൻ ഉദ്ദേശിക്കുന്നവർ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഉദ്ദേശിക്കുന്ന വിഷയം കുറച്ചുകൂടി

ഗൗരവതരമായി കാണണമെന്നുള്ളതാണ്. ഇവിടെ മിനിസ്റ്റർ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ് ഭരണഘടനാപരമായ അവരുടെ അവകാശങ്ങളൊന്നും ആരും നിഷേധിക്കുന്നില്ല. കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ സാന്നിധ്യത്തെ സംബന്ധിച്ചും അവരെ നമ്മുടെ നാടിന് എങ്ങനെ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നുവെന്നതിനെ സംബന്ധിച്ചും അവരുടെ ക്ഷേമം ഉറപ്പാക്കിക്കൊണ്ട് എന്നാൽ നമ്മുടെ സാമൂഹിക ജീവിതത്തിൽ ഉണ്ടായേക്കാവുന്ന അപകടത്തെ തിരിച്ചറിഞ്ഞും നിയമപരമായി ഇടപെടണമെന്നാണ് ഉദ്ദേശിക്കുന്നത്. തർക്കത്തിന് വേണ്ടിയല്ല ചോദ്യം ചോദിക്കുന്നത്. അങ്ങനെ പറയുമ്പോൾ 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികളിൽ അൻപതിനായിരത്തിൽ താഴെ തൊഴിലാളികൾ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ബാക്കി തൊഴിലാളികളെ സംബന്ധിച്ച് ഒരു കണക്കുമില്ലാത്ത സ്ഥതിതിയാണ്. ഇതൊരു ചോദ്യം തന്നെയാണ്.

മി. സ്പീക്കർ : അങ്ങ് ചോദ്യം ഉന്നയിക്കൂ.

ശ്രീ. ജി. എസ്. ജയലാൽ : ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ കണക്കനുസരിച്ച് പത്ത് വർഷം കഴിയുമ്പോൾ കേരളത്തിൽ അൻപത് ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ ആകുമെന്നാണ് പറയുന്നത്. അങ്ങനെ വരുമ്പോൾ വളരെ

ഗൗരവതരമായും ദീർഘവീക്ഷണത്തോടുകൂടിയുമുള്ള ഇടപെടലുകൾ ഗവൺമെന്റ് സ്വീകരിക്കേണ്ടതായിട്ടുണ്ട്. മയക്കുമരുന്നുമായി ബന്ധപ്പെട്ടും കൊലപാതകവുമായി ബന്ധപ്പെട്ടും ...

മി.സ്പീക്കർ : ചോദ്യത്തിലേയ്ക്ക് വരൂ..

ശ്രീ. ജി. എസ്. ജയലാൽ : ചോദ്യത്തിലേയ്ക്കാണ് വരുന്നത്. അങ്ങനെ ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഗവൺമെന്റ് ശ്രദ്ധിക്കണം. അതോടൊപ്പംതന്നെ ഈ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണം. അതിനാവശ്യമായ നിയമം ഗവൺമെന്റ് ഉണ്ടാക്കണം. കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് ഉൾപ്പടെയുള്ള സംവിധാനങ്ങൾ ഗൗരവപൂർവ്വം ആലോചിച്ച് ഫലപ്രദമായി നടപ്പിലാക്കണം. ഇത് ആരേയും അന്യവൽക്കരിക്കാനൊന്നുമല്ല. ഇക്കാര്യത്തിൽ എന്ത് അടിന്തരമായ നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്നത്? ഇതാണ് ചോദ്യം.

ശ്രീ. ഷിബു ബേബി ജോൺ : സർ, അദ്ദേഹം തന്നെ മറുപടി പറഞ്ഞുകഴിഞ്ഞു. ഇതിനാണ് കേരള മൈഗ്രന്റ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റീസ് ആക്ട് എന്നൊരു നിയമം പരിഗണനയിലുള്ളത്. അതുപ്രകാരം 45,000 പേർ മാത്രമേ ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളൂവെന്ന് പറയുമ്പോൾ രജിസ്ട്രേഷൻ നിർബന്ധമാക്കാൻ

പ്രൊവിഷനില്ല. അങ്ങനെ ചെയ്യാൻ ഭരണഘടനാപരമായി കിഴയില്ലായെന്നുള്ളതുകൊണ്ടാണ് പറഞ്ഞത്. അതിനെ മറ്റൊരു രീതിയിൽ ഇവർക്ക് ക്ഷേമപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്ന നിലയിലേയ്ക്കുള്ള ഒരു ബില്ല് അവതരിപ്പിക്കുന്നതിലൂടെ ഇവരെ എംപ്ലോയ് ചെയ്യുന്ന വ്യക്തി ആരാണോ അവരുടെ ഉത്തരവാദിത്തമാണ് ഇവരെ രജിസ്റ്റർ ചെയ്യിപ്പിക്കുകയെന്നതും എന്ന നിലയിലുള്ളതാണ്. അപ്പോൾ ഭരണഘടനാ വിരുദ്ധമാകില്ല. അങ്ങനെയുള്ള ഒരു നിയമമാണ് പ്ലാൻ ചെയതുകൊണ്ടിരിക്കുന്നത്, അതിനെപ്പറ്റിയും രണ്ട് അഭിപ്രായമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ആ രീതിയിലുള്ള നടപടികളുമായി ഗവൺമെന്റ് മുമ്പോട്ട് പോകുകയാണ്.

<u>ശ്രീ. കെ. രാജു</u>: സർ, മറ്റ് ഭാഷകൾ സംസാരിക്കുന്ന തൊഴിലാളികൾ ജോലി തേടി ഇവിടെ വരുന്നത് ഒരു യാഥാർത്ഥ്യമായി കഴിഞ്ഞിരിക്കുന്നു. ഇന്ന് കേരളത്തിൽ ഹോട്ടൽ മേഖല, നിർമ്മാണ മേഖല, വീട്ടുജോലികൾ അടക്കമുള്ള മേഖലകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരിൽ അധികം പേരും അന്യ സംസ്ഥാന തൊഴിലാളികളാണ്. ഈ സാഹചര്യത്തിൽ ഇവരുടെ ക്ഷേമം ഉറപ്പാക്കുന്നതിന് നമ്മുടെ നാട്ടിലെ തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കപ്പെട്ടുകൊണ്ട് അവർക്കാവശ്യമായിട്ടുള്ള മിനിമം കൂലി അടക്കം കിട്ടുന്നുവെന്ന്

ഉറപ്പുവരുത്തുന്നതിനും അവരുടെ താമസ സൗകര്യമുൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ചും ഇടനിലക്കാരെ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയും ഗവൺമെന്റ് ശുഷ്കാന്തിയോടുകൂടി ഇടപെടണം. യഥാർത്ഥത്തിൽ ഈ മൈഗ്രന്റ് വർക്കേഴ്സിനെ സംബന്ധിച്ച് നമ്മുടെ ലേബർ വകുപ്പ് നിഷ്ക്രിയമാണ്. ആയിരക്കണക്കിന് തൊഴിലാളികൾ ഇങ്ങനെ വന്നുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ വരുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്ത്, അവരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ലേബർ വകുപ്പ് നടപ്പിലാക്കേണ്ട നിയമങ്ങളൊക്കെ നടപ്പിലാക്കുന്ന കാര്യത്തിലുള്ള നിഷ്ക്രിയത്വം അവസാനിപ്പിച്ച് ഇതിന് വേണ്ടി സമഗ്രമായ ഒരു നിയമനിർമ്മാണംതന്നെ നടപ്പിലാക്കാൻ തയ്യാറാകുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u> : സർ, ഞാൻ ഇതിന് മറുപടി പറഞ്ഞുകഴിഞ്ഞു, നിർബന്ധമായി രജിസ്റ്റർ ചെയ്യാൻ ലേബർ വകുപ്പുൾപ്പടെ ഒരു വകുപ്പിനും ഇൻഡ്യാ രാജ്യത്ത് കഴിയില്ല. അതൊന്ന്. പിന്നെ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് അതിനുള്ള ബിൽ തയ്യാറാക്കിയ കാര്യവും ഇവിടെ പരാമർശിച്ചിട്ടുണ്ട്. അതിനപ്പുറത്തേയ്ക്ക് ലേബർ വകുപ്പിന് പ്രത്യേകിച്ച് ഈ കാര്യത്തിൽ ഒന്നും ചെയ്യാനില്ല. പിന്നെ ഇവരുടെ വരുമാനത്തെക്കുറിച്ച് പറഞ്ഞു, ലേബർ

ഡിപ്പാർട്ടുമെന്റ് നടത്തിയ സർവ്വേയിൽ മിനിമം കൂലിയുടെ നിഷേധം ഈ കാര്യത്തിൽ വരുന്നേയില്ല. മിനിമം കൂലിയെക്കാൾ വളരെ ഉയർന്ന കൂലിയാണ് അവർക്കിപ്പോൾ ലഭിക്കുന്നത്. അതുകൊണ്ടാണ് അവർ വളരെ താൽപര്യത്തോടുകൂടി കേരളത്തിൽ വരുന്നത്. കേരളത്തിൽ അവരെ നിൽക്കാൻ പ്രേരിപ്പിക്കുന്ന പ്രധാന ഘടകമെന്തെന്നുള്ള ചോദ്യത്തിന് സർവ്വേയിൽ വന്ന ഉത്തരം മെച്ചപ്പെട്ട കൂലിയെന്ന് മാത്രമല്ല കൃത്യമായി എല്ലാ ശനിയാഴ്ചയും ഇവിടെ കൂലി കിട്ടുമെന്നുള്ളതാണ്. അതുകൊണ്ട് അവർക്ക് അവരുടെ നാട്ടിലേയ്ക്ക് അയക്കാൻ കഴിയുന്നത് ചിന്തിക്കാൻ കഴിയാത്ത ഒരു തുകയാണ്. മിനിമം കൂലിയുടെ നിഷേധമൊന്നും ഇപ്പോൾ ശ്രദ്ധയിൽപ്പെടുന്നില്ല.

ശ്രീ. വി. ശശി: സർ, ഈ ഡൊമസ്റ്റിക് മൈഗ്രന്റ് ലേബർ സംബന്ധിച്ച് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ നടത്തിയ ഒരു പഠന റിപ്പോർട്ട് എല്ലാ എം.എൽ.എ.മാർക്കും അയച്ചു തന്നിട്ടുണ്ട്. ആ റിപ്പോർട്ടിനകത്തുള്ള പല നിർദ്ദേശങ്ങളും സർക്കാരിന്റെ മുമ്പിൽ സമർപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ, ഹൗസിംങ് ആന്റ് ലിവിംഗ് കണ്ടിഷൻ, സോഷ്യൽ സെക്യൂരിറ്റീസ് ആന്റ് ഹെൽത്ത്, എംപ്ലോയ്മെന്റ് ഇഷ്യൂസ്, sustaining good relationship between local population and the DML, help-line in different languages എന്നിവയെ

സംബന്ധിച്ച് വളരെ നല്ല നിർദ്ദേശങ്ങളാണ് ആ പഠന റിപ്പോർട്ടിൽ സമർപ്പിച്ചിരിക്കുന്നത്. ആ നിർദ്ദേശങ്ങളിന്മേൽ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഷിബു ബേബി ജോൺ: ഇതിന്റെ മറുപടിയെപ്പറ്റി പറയുമ്പോൾ ചെയ്ത നടപടികളെല്ലാം ചേർത്ത് അൽപം ദീർഘമായി പറയേണ്ടിവരും. ഞാൻ ഇന്നലെ ഹൗസിങ്ങിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞു. ആദ്യമായി അവർക്കൊരു അക്കോമഡേഷൻ ഇല്ല. ഇപ്പോൾ ഡീസന്റ് ലിവിംഗ് എന്ന് മാത്രമേ ഈ ആക്ടിൽ പറയുന്നുള്ളൂ. പക്ഷേ മറിച്ച് ഗൽഫ് രാജ്യങ്ങളിൽ എങ്ങനെ അക്കോമഡേഷൻ മലയാളികൾക്ക് കിട്ടുന്നോ അതുപോലെ ഇവിടെ ഹൗസിംങ് പ്രൊവൈഡ് ചെയ്യാൻ ഗവൺമെന്റുതന്നെ മുൻകൈയെടുത്തുകൊണ്ട് ആദ്യത്തെ പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. അത് എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പിന്നെ തൊഴിൽനിയമങ്ങളുടെ കാര്യത്തിലായാലും മറ്റ് കാര്യങ്ങളിലായാലും ഇവരുമായി കമ്മ്യൂണിക്കേറ്റ് ചെയ്യുകയെന്നത് മലയാളി ഉദ്യോഗസ്ഥരെ സംബന്ധിച്ചിടത്തോളം വലിയ ഒരു പ്രശ്നംതന്നെയാണ്. ഹിന്ദി അറിയാൻ കഴിയാത്തത് ഒരു വലിയ പ്രശ്നം തന്നെയാണ്. അതുകൊണ്ട് റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുകൊണ്ട് കിയോസ്കുകൾ ആരംഭിച്ച് അവിടെ ഹിന്ദി അറിയാവുന്നവരെ നിയമിച്ച് അന്യ

സംസ്ഥാനതൊഴിലാളികളുമായി interact ചെയ്യാനുള്ള സംവിധാനമൊരുക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതുപോലെതന്നെ ലേബർ കമ്മീഷണറേറ്റിൽ 24/7 ഹെൽപ് ലൈൻ ആരംഭിക്കുന്നുണ്ട്. അവിടെ ഹിന്ദി, ബംഗാളി, ഒറിയ തുടങ്ങിയ ഭാഷകളെങ്കിലും അറിയാവുന്ന ഉദ്യോഗസ്ഥരെ വയ്ക്കണം. പക്ഷേ ആദ്യപടി ഹിന്ദി അറിയാവുന്ന ഒരു കോൾ സെന്റർ ഓപ്പറേഷൻ ആരംഭിക്കുന്നുണ്ട്. ഇത് പക്ഷേ എങ്ങനെ ഇവരിലേയ്ക്ക് എത്തിക്കുമെന്നതാണ് അറിയാൻ കഴിയാത്തത്. ഈ സമൂഹത്തിലേയ്ക്ക് എങ്ങനെ ഈ വിവരങ്ങൾ-- ഇന്ന ഹെൽപ് ലൈനിൽ വിളിക്കണം എന്നുള്ള കാര്യങ്ങൾ എങ്ങനെ എത്തിക്കുമെന്നാണ് അറിയാൻ കഴിയാത്തത്. അതിനാണ് റെയിൽവേ സ്റ്റേഷനുകളിൽ കിയോസ്കുകളൊക്കെ ആലോചിച്ചത്. അതിനുള്ള നടപടികളുമായി ഗവൺമെന്റ് മുമ്പോട്ട് പോകുകയാണ്.

<u>ശ്രീ. സി. മോയിൻകുട്ടി</u> : സർ, നമ്മുടെ രാജ്യത്തെ തൊഴിൽ മേഖലയിൽ ഇവർ വലിയ സംഭാവനയാണ് ചെയ്യുന്നത്. പക്ഷേ പലപ്പോഴും അനാശാസ്യ പ്രവർത്തനങ്ങളിൽ വളരെ അപൂർവ്വമായിട്ടെങ്കിലും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ അവർ പങ്ക് വഹിക്കുന്നുണ്ട്. അത്തരം ഒരു സാഹചര്യത്തിൽ അവർ മിസിംഗ് ആവുകയാണ്. ഇങ്ങനെ മിസിംഗാവുമ്പോൾ അവരെ തിരിച്ച് കൊണ്ട് വരുന്നതിനുവേണ്ടി എന്തെല്ലാം രേഖകളാണ് സർക്കാർ

കർശനമാക്കിയിട്ടുള്ളത് ? ആ ഐഡന്റിറ്റി എന്തെല്ലാം തരത്തിലാണ് അവരുടെ സംസ്ഥാനങ്ങളിലുള്ള റവന്യൂ വിഭാഗത്തിൽ നിന്ന് നമുക്ക് ലഭ്യമാകുന്നത് എന്ന വിവരം പറയാമോ?

ശ്രീ. ഷിബു ബേബി ജോൺ: തൊഴിൽ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്ന ഒരു ചോദ്യമല്ല. അതുകൊണ്ട് അവർ മിസിംഗാവുകയാണെങ്കിൽ അതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പാണ് ഈ കാര്യങ്ങളിൽ മറുപടി പറയേണ്ടത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ രമേശ് ചെന്നിത്തല): ഇതര സംസ്ഥാന തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പോലീസ് വളരെ ഗൗരവപൂർണ്ണമായാണ് എടുക്കുന്നത്. ഇവർ കൂടുതലുള്ള മേഖലകളിൽ പോലീസിന്റെ സാന്നിദ്ധ്യത്തിൽതന്നെ.. ഉദാഹരണം പെരുമ്പാവൂർ, ആലുവ, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ പോലീസ് അവരുമായി interactions നടത്തുന്നുണ്ട്. ഇവരെ മുഖാമുഖം ഉൾപ്പെടെയുള്ള പരിപാടികളിൽ വിളിച്ച് വരുത്തി അവരുമായി interactions നടത്തി അവരുടെകൂടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അത് പരിഹരിക്കാനുള്ള പരിശ്രമങ്ങൾ നടത്തുയും ചെയ്യുന്നുണ്ട്. അത് വളരെ ഫലപ്രദമായാണ് കാണുന്നത്. സ്പെഷ്യൽ ബ്രാഞ്ചുൾപ്പെടെയുള്ള പോലീസുകാർ വളരെ വിജിലന്റായി ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നുണ്ട്. ഇത്തരം ആൾക്കാരിൽ എല്ലാപേരും കുറ്റക്കാരല്ല, ചില

elements ഉണ്ടാകും. അങ്ങനെ കുറ്റമുണ്ടാകുമ്പോൾ അതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, തോട്ടം മേഖലയിലെ തോട്ടം തൊഴിലാളികളുടെ വേതനം തീരെ കുറവാണ്. പി.എൽ.സി. കൂടിയില്ല, കൂലി 230 രൂപ എന്ന നിരക്കിൽനിൽക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് തൊഴിൽ വകുപ്പ് ഇടപെട്ട് ഇടക്കാല ഉത്തരവിലൂടെ കൂലി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്ത വിഷയമാണ് അവതരിപ്പിച്ചത്. അദ്ദേഹം പിന്നെ ചോദിച്ചാൽ അതിന് വ്യക്തമായ മറുപടി നൽകാം.

<u>ശ്രീ. ഹൈബി ഈഡൻ</u> : സർ, ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ പാർക്കുന്നതും ജോലി ചെയ്യുന്നതും എറണാകുളം ജില്ലയിലാണ്. പെരുമ്പാവൂരിൽ, ശ്രീ. സാജു പോളിന്റെ മണ്ഡലത്തിൽ എല്ലാ ആഴ്ചയും ഭോജ്പൂരി സിനിമകൾവരെ മാറി വരികയാണ്. ഹോട്ടലുകളിലും ബസ്സുകളിലും ഹിന്ദിയിൽ ബോർഡ് വച്ചുവരികയാണ്. കേരളത്തിൽനിന്നും ഇറാഡിക്കേറ്റ് ചെയ്ത പല പകർച്ചവ്യാധികളും സംസ്ഥാനത്തേയ്ക്ക് തിരിച്ചുവരികയാണ്. Migrant labourers

അതിൽ വലിയൊരു ഘടകമാണ്. Migrant labourers-ന്റെ ആരോഗ്യം, ശുചിത്വം എന്നിവയുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടികൾ ലേബർ ഡിപ്പാർട്ടുമെന്റ് സ്വീകരിക്കുന്നുണ്ടോ; ഇവർക്ക് ആരും വീട് നൽകുന്നില്ല. ഇവർ താമസിക്കുന്ന പല സ്ഥലങ്ങളിലും സാമൂഹികമായ പ്രശ്നങ്ങളോടൊപ്പം organised crimes നടക്കുന്നുയെന്നുള്ളതും യാഥാർത്ഥ്യമാണ്. ഹെൽത്ത് ഡിപ്പാർട്ടുമെന്റുമായിച്ചേർന്ന് അല്ലെങ്കിൽ തൊഴിൽ വകുപ്പ് നേരിട്ടുതന്നെ ഇതിനെക്കുറിച്ച് ഒരു സർവ്വേ നടത്തി ഇവരുടെ സാനിട്ടേഷൻ, ആരോഗ്യം എന്നിവ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും കാര്യങ്ങൾ ഗവൺമെന്റ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ആക്ടിൽ ഡീസന്റ് ലിവിംഗ് എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്താറുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതാണിവിടത്തെ പ്രസക്തമായ കാര്യം. ഗൾഫ് രാജ്യങ്ങളിൽ പോകുന്ന നമ്മുടെ സഹോദരങ്ങൾക്കുണ്ടാകുന്ന injustice-നെക്കുറിച്ച് ഘോരഘോരം പറയുന്നവർ അന്യസംസ്ഥാന തൊഴിലാളികളെ രണ്ടാംതരം പൗരന്മാരായിമാത്രമേ കാണുന്നുള്ളൂ. ഇവരെ താമസിപ്പിക്കാൻ ഒരു പ്രദേശത്ത് കൊണ്ടുപോകുമ്പോൾ അവിടത്തെ ആളുകൾ സംഘടിച്ച് അവിടെ താമസിപ്പിക്കാൻ

അനുവദിക്കില്ല. അങ്ങനെയാണ് ഇവരെ എംപ്ലോയ് ചെയ്യുന്ന കോൺട്രാക്ടർമാർക്ക് മനുഷ്യത്വരഹിതമായ സാഹചര്യങ്ങളിൽ ഇവരെ താമസിപ്പിക്കേണ്ടിവരുന്നത്. മലയാളികളുടെ mindset കൂടി മാറണം. ഇതര സംസ്ഥാനങ്ങളിൽനിന്നുള്ള ഇന്ത്യൻ പൗരന്മാരാണ് എന്നുള്ള കാഴ്ച്പ്പാടിലേയ്ക്ക് മലയാളി സമൂഹം ഉയർന്നാൽ മാത്രമേ ഇതിനൊരു ശാശ്വത പരിഹാരം കാണാൻ കഴിയൂ. ഹെൽത്ത് ഡിപ്പാർട്ടുമെന്റ് ഹെൽത്ത് കാർഡ് കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടത്തുന്നുണ്ട്. അതും ലേബർ ഡിപ്പാർട്ടുമെന്റിന്റെ പരിധിയിൽ വരുന്നില്ല. പരിശോധിച്ച് വൃത്തിഹീനമാണെങ്കിൽ സ്റ്റോപ് മെമ്മോ കൊടുക്കുകയോ പൊളിച്ചുമാറ്റാനുള്ള നിർദ്ദേശം കൊടുക്കുകയോ ചെയ്യും. ഇതുമാത്രമാണ് ലേബർ ഡിപ്പാർട്ടുമെന്റ് ചെയ്യുന്നത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ഇവിടെ ഇന്ന് ചോദ്യോത്തരവേളയിൽ പങ്കെടുത്തവരുൾപ്പടെയുള്ള എല്ലാവരും ലേബർ ഡിപ്പാർട്ടുമെന്റിന്റെ രേഖയിലും മറ്റുമുള്ള അന്യസംസ്ഥാന തൊഴിലാളികൾ എന്നതിലെ 'അന്യ' എന്നുള്ള പദം ഒഴിവാക്കണമെന്നുള്ള സ്പിരിറ്റാണ് പ്രകടിപ്പിച്ചത്. ഇനിയെങ്കിലും രേഖകളിൽനിന്നും 'അന്യ' എന്ന പദം മാറ്റി ഇതര അല്ലെങ്കിൽ സഹോദര സംസ്ഥാന തൊഴിലാളികൾ എന്നാക്കിമാറ്റണം. ഉചിതമായ ഏതെങ്കിലും വാക്ക്

സ്വീകരിക്കാം. അന്യ എന്ന പ്രയോഗംതന്നെ അവരെ അന്യവൽക്കരിക്കപ്പെടുകയോ അന്യരായി കാണുകയോ ചെയ്യുന്ന രീതിയാണ്. അതുകൊണ്ട് അതിനൊരു മാറ്റം വരുത്തുന്നത് നന്നായിരിക്കും. രേഖകളിൽ മാറ്റം വരുത്തണം. ഏറ്റവും കൂടുതൽ മത്സ്യങ്ങൾ കയറ്റുമതി ചെയ്യുന്ന മേഖലയാണ് അരൂർ. ഇന്ത്യാ ഗവൺമെന്റിന്റെ ഫോറിൻ ട്രേഡ് പോളിസിയനുസരിച്ച് Centre of excellence ആയി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലമാണ്. മറ്റുസംസ്ഥാനങ്ങളിൽനിന്നും ഏറ്റവും കൂടുതൽ തൊഴിലാളികൾ വന്ന് പണിയെടുക്കുന്ന മേഖലയുമാണ്. ഈ തൊഴിലാളികൾ നാട്ടിൽപോയി മടങ്ങിവരുമ്പോൾ ഏതെങ്കിലും തരത്തിലുള്ള രോഗമോ മറ്റോ ഉണ്ടോയെന്നുള്ളത് പരിശോധിക്കാൻ സംവിധാനമില്ല. അതുപോലെതന്നെ ഇവർക്ക് ഇ.എസ്.ഐ. സംവിധാനം, അവിടെയുള്ള ഇ.എസ്.ഐ. സംവിധാനം വളരെ ദയനീയമാണ്. ഇങ്ങനെയുള്ള മേഖലയിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ. ഹോസ്പിറ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തി ഇവർക്കുകൂടി അതിന്റെ സൗകര്യങ്ങൾ ലഭ്യമാകുന്ന തരത്തിൽ ഇത്തരം സ്ഥലങ്ങൾ ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ആദ്യം പറഞ്ഞത്, Inter State Migrant workers എന്നുള്ളത് മലയാളവൽക്കരിച്ചപ്പോൾ എങ്ങനെ അന്യസംസ്ഥാനക്കാർ

എന്നായി എന്നറിയില്ല. നമുക്ക് പൊതുവെ ഒരു തീരുമാനമെടുക്കാം. ഇതര സംസ്ഥാനതൊഴിലാളികൾ എന്നിങ്ങനെ തീരുമാനമെടുക്കാം. ശ്രീ. ആരിഫ് ചെമ്മീൻ കമ്പനികളിലെ സ്ഥിതിയെക്കുറിച്ച് പറഞ്ഞു. ഇതിന്റെ അടിസ്ഥാന കാരണം എന്താണ്; പത്തുപതിനഞ്ചുവർഷം മുമ്പുള്ള കാര്യം പരിശോധിച്ചാൽ ഇന്ത്യാ രാജ്യത്ത് എവിടെ ചെമ്മീൻ കമ്പനികളുണ്ടോ അവിടെയെല്ലാം മലയാളികളായിരുന്നു, നമ്മുടെ സഹോദരിമാരായിരുന്നു ജോലിചെയ്തുകൊണ്ടിരുന്നത് അവർക്കുണ്ടാകുന്ന ദുരനുഭവങ്ങളെക്കുറിച്ചായിരുന്നു നമ്മൾ പറഞ്ഞുകൊണ്ടിരുന്നത്. കഴിഞ്ഞ പത്ത്-പതിനഞ്ച് വർഷങ്ങൾകൊണ്ടുണ്ടായ സാമൂഹിക മാറ്റം കാരണം നമ്മൾ ആ തൊഴിലിൽനിന്നും പിൻമാറുന്നു. അതുകൊണ്ട് മറ്റുള്ള പ്രദേശങ്ങളിൽനിന്നും ആളുകൾ വന്ന് ജോലി ചെയ്യുന്നു. അവിടെ കൂലിയുടെ പ്രശ്നമില്ല. ഇ.എസ്.ഐ-യുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കാം.

ശ്രീ. വർക്കല കഹാർ: സർ, കേരളീയ ജനജീവിതത്തിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ സേവനം വളരെ വലുതാണ്. നമ്മുടെ നാട്ടിൽ പണിയെടുക്കുന്നതിന് വളരെ ദുരഭിമാനമുള്ളൊരു കാലഘട്ടമാണ്. വീട്ടുജോലിക്കാരായും ഹോംനഴ്സുമാരായും ആയിരക്കണക്കിന് ആളുകളാണ് ആസാം

ഉൾപ്പെടെയുള്ള മറ്റ് സംസ്ഥാനങ്ങളിൽനിന്നും ഇവിടെവന്ന് പണിയെടുക്കുന്നത്. കൃഷിപ്പണിക്കുപോലും ആളെ കിട്ടുന്നില്ല. ഇതര സംസ്ഥാനത്തുനിന്നും വരുന്നവരെയാണ് കൃഷിപ്പണിക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ ഇവരെ ഇവിടെ നിന്നും ആട്ടിപ്പായിക്കുന്ന അവസ്ഥ വന്നാൽ നമ്മുടെ വികസന പ്രവർത്തങ്ങൾ സ്തംഭിക്കും. ചെറിയ പ്രശ്നങ്ങളുണ്ടാകുന്നത് ഏത് സമൂഹത്തിലും സ്വാഭാവികമാണ്. അതുകൊണ്ട് അവരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുകയും അവകാശങ്ങൾ സംരക്ഷിക്കുകയും ചെയ്ത് ഇവരെ നിലനിർത്തുകയാണ് വേണ്ടത്. അതിനുള്ള പരിപാടികൾ ഗവൺമെന്റ് മറ്റേതുകാലഘട്ടത്തേക്കാളും ശ്രദ്ധിച്ച് ചെയ്യുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധയും താൽപ്പര്യവുമുണ്ടാകുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ,ഇക്കാര്യം വളരെ ഗൗരവത്തിൽ കണ്ടുകൊണ്ട് മുഖ്യമന്ത്രിതന്നെ ഇതര വകുപ്പുകളുടെ, തൊഴിൽ വകുപ്പു മാത്രമല്ല ഹെൽത്ത് ഡിപ്പാർട്ടുമെന്റ് അടക്കമുള്ളവരുടെ യോഗം വിളിച്ചുകൂട്ടി. ഇതുകൂടാതെ ക്രിമിനലൈസേഷൻ എങ്ങനെ ഒഴിവാക്കാം എന്നുള്ളതിനെക്കുറിച്ച് ആഭ്യന്തരവകുപ്പുമന്ത്രിയും ഞാനും സംയുക്തമായി യോഗം നടത്തി. ഈയൊരു പശ്ചാത്തലത്തിലാണ് ഒരു ബില്ലിന്റെ കരടുരൂപം തയ്യാറാക്കിയിരിക്കുന്നത്. ആ ബില്ലിനെക്കുറിച്ച് കൂടുതൽ ചർച്ചവേണം. ഞാൻ തുറന്നുപറയാൻ തയ്യാറാണ്.

അങ്ങനെ ഒത്തിരി ആനുകൂല്യങ്ങൾ കൊടുത്ത് ഇവരെ കേരളത്തിൽ സ്ഥിരമായി താമസിപ്പിക്കുന്നതിനോടുള്ള എതിരഭിപ്പായം പൊതുസമൂഹത്തിൽനിന്നും ഉണ്ട്. അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും അത്തരം അഭിപ്രായമുണ്ട്. ഇതൊക്കെ സ്വകാര്യ സംഭാഷണത്തിൽ പങ്കിടുന്നതുമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ഒരു consensus ഉണ്ടായതിനുശേഷം ബിൽ പാസ്സാക്കുകയാണെങ്കിൽ ഏറെക്കുറെ ശാശ്വത പരിഹാരം കാണാൻ കഴിയുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ ചോദിച്ച ചോദ്യത്തിന്റെ ആദ്യ ഭാഗം ക്ഷേമപ്രവർത്തനങ്ങളിലൂന്നിയുള്ളതും പിരിവ് ബി-നിയന്ത്രണങ്ങളെക്കുറിച്ചുള്ളതുമാണ്. ക്ഷേമപ്രവർത്തനങ്ങളിലൂന്നി ക്കൊണ്ടുള്ള നിയന്ത്രണങ്ങളാണ് വേണ്ടതെന്നുള്ള പൊതു അഭിപ്രായം സഭയിൽത്തന്നെയുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടിട്ടുമുണ്ട്. പക്ഷേ അങ്ങ് സെൻട്രൽ ആക്ടിനെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. ഒന്നരവർഷം മുമ്പ് ഈ നിയമസഭയിൽ ......

മി. സ്പീക്കർ : ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് ചോദ്യോത്തര സമയം കഴിയാറായി. ചുരുക്കി ചോദിക്കണം.

ഡോ. ടി. എം. തോമസ് ഐസക്: ശരി. ഒരു നിയമം ഉണ്ടാക്കുമ്പോൾ,

കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധിക്കുള്ള വിഹിതത്തിൽനിന്നും ഒരു ചെറിയ ഭാഗമെങ്കിലും welfare activities -നുവേണ്ടി മാറ്റിവയ്ക്കാൻ തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതാണ് ഇതിലെ പ്രധാന പ്രശ്നം. ഇവർ ഏറ്റവും കൂടുതൽ പണിയെടുക്കുന്നത് നിർമ്മാണ മേഖലയിലാണ്. പക്ഷെ നിർമ്മാണ മേഖലയുടെ, Construction worker's Act എന്ന Central Act-ൽനിന്ന് ഇതിന്റെ വിഹിതം ഇങ്ങനെ ഒരു ആക്ടിലേയ്ക്ക് മാറ്റാൻ പ്രൊവിഷനില്ല. അതേസമയം നിർമ്മാണമേഖലയിൽ പണിയെടുക്കുന്ന ഇവരെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാം എന്നാണ് ആക്ട് പറയുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, നമ്മുടെ ട്രേഡ് യൂണിയനുകളോ മറ്റാരുംതന്നെ ഇവരെ നിർമാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാനുള്ള യാതൊരു നടപടിയും സ്വീകരിക്കുന്നില്ല എന്നുള്ളതാണ് വസ്തുത. അതൊരു തടസ്സം തന്നെയാണ്. പക്ഷേ അതിനെ മറികടനുള്ള സംവിധാനത്തെക്കുറിച്ചാണ് നമ്മൾ ആലോചിച്ചുവന്നിട്ടുള്ളത്. ഇത് നിയമപരമായ തടസ്സമാണ്. ഇതിനെക്കുറിച്ച് ഒരു കാര്യം പറയാം. ഇവിടെ ഉന്നയിക്കുന്ന ആശങ്കകളോട് ഞാനും യോജിക്കുന്നു. അതിൽ കുറെ സത്യാവസ്ഥയുണ്ട് എന്നുള്ളത് ശരിയാണ്. കായികാധ്വാനം ചെയ്യാൻ മലയാളി തയ്യാറാകണം എന്നുള്ളതാണ്

ഇതിന് പരിഹാരം. തയ്യാറാകാത്തിടത്തോളംകാലം ഇതര സംസ്ഥാന തൊഴിലാളികൾ നമ്മുടെ സംസ്ഥാനത്ത് വരും. അവരെ നമുക്ക് ഒഴിവാക്കാൻ സാധിക്കില്ല എന്നുള്ളതാണ് വസ്തുത.

മി. സ്പീക്കർ: ഓർഡർ........ ഓർഡർ..... ചോദ്യോത്തര സമയം കഴിഞ്ഞു